KERALA BANK
Kerala State Co-operative Bank

മഴവില്ല്

Bimonthly Newsletter of Kerala State Co-operative Bank
കേരള ബാങ്ക് ബുള്ളറ്റിൻ | Volume 04 | Issue 04 | August & September 2024

2023-–24 ൽ
209 കോടി
രൂപയുടെ
അറ്റലാഭം

വയനാട് ചൂരൽമല ശാഖയിലെ വായ്പകൾ എഴുതി തള്ളി കേരള ബാങ്ക്

Kerala Bank
Kerala State Co-operative Bank

ചീഫ് എഡിറ്റർ
ഗോപി കോട്ടമുറിയ്ക്കൽ
പ്രസിഡന്റ്

മാനേജിംഗ് എഡിറ്റർ
റോയ് എബ്രഹാം
ചീഫ് ജനറൽ മാനേജർ

പത്രാധിപ സമിതി
ഡോ. ആർ. ശിവകുമാർ
(ജനറൽ മാനേജർ, BPCC)
ജെ.എസ്. ബബ്‌ലു
(പ്രിൻസിപ്പൽ പിആർഒ)
സി.സഹദ് (പിആർഒ)
റീനമോൾ റ്റി (പിആർഒ)
അഭിജിത്ത് റ്റി (പിആർഒ)
ഹാറൂൺ റഷീദ് (പിആർഒ)
ജയ്കർ റ്റി.എസ് (പിആർഒ)

ഉള്ളടക്കം

വയനാടിനൊപ്പം 3
209 കോടി രൂപ അറ്റലാഭം 7
കേരളത്തിലെ പോറലേൽക്കാത്ത സഹകരണ മേഖല 8
ആഗോള സഹകരണ കോൺഫറസ് ഇന്ത്യയിൽ 11
ബഹുമുഖ സേവന കേന്ദ്രങ്ങളാകുന്ന സംഘങ്ങൾ 12
കാർഷിക മുന്നേറ്റത്തിന് കർഷക ഉല്പാദക സംഘങ്ങൾ 15
വിജയവഴികൾ 18
QUIZ TIME 28
RBI' S BI MONTHLY ONETARY POLICY STATEMENT AUGUST2024 29
LEGALLY SPEAKING 31

വയനാടിനൊപ്പം...

കേരള ബാങ്ക് എന്നും സാധാരണക്കാരനൊപ്പമാണ്. വളർച്ചയുടെ പടവുകൾ ഓരോന്നായി കയറുമ്പോഴും ദുരിതം അനുഭവിക്കുന്നവർക്ക് കൈത്താങ്ങായി അവരെ ചേർത്ത് നിർത്തിയുള്ള പ്രവർത്തനമാണ് ബാങ്ക് നടത്തിവരുന്നത്. ഇക്കഴിഞ്ഞ ജൂലൈ 30 ന് നാടിനെ നടുക്കിയ ഉരുൾപൊട്ടലിൽ അകപ്പെട്ടുപോയ മനുഷ്യർക്ക് ആശ്വാസമായി വയനാട് ചൂരൽമലയിലെ കേരള ബാങ്കിന്റെ ശാഖയിൽ നിന്ന് വായ്പ എടുത്ത വായ്പക്കാരിൽ മരണപ്പെട്ടവരുടെയും ഭൂമിയുംവീടും നഷ്ടമായവരുടെയും മുതലും പലിശയുമുൾപ്പെടെ എല്ലാ വായ്പകളും എഴുതിതള്ളാൻ എടുത്ത തീരുമാനം കേരളത്തിന് മാതൃകയായെന്ന് അഭിമാനപൂർവ്വം പറയാൻ കഴിയും. കേരള ബാങ്കിന്റെ ഇത്തരം പ്രവർത്തനങ്ങൾ മറ്റ് ബാങ്കുകളും മാതൃകയാക്കണമെന്ന് ബഹു. മുഖ്യമന്ത്രി നടത്തിയ പരാമർശം കേരള ബാങ്കിന്റെ പ്രവർത്തനങ്ങൾക്ക് ലഭിച്ച അംഗീകാരവും പ്രചോദനവുമാണ്. ദുരന്തം നടന്ന ദിവസം തന്നെ 50 ലക്ഷംരൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ബാങ്ക് നൽകുകയുണ്ടായി. വയനാട് ഉരുൾപ്പൊട്ടലുമായി ബന്ധപ്പെട്ട് ബഹു.മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ലഭിക്കുന്ന ആദ്യതുകയാണ് കേരള ബാങ്കിന്റെ 50 ലക്ഷം രൂപ. കൂടാതെ ജീവനക്കാർ ദുരിതബാധിതർക്കായി അവരുടെ 5 ദിവസത്തെ വേതനമായ 5 കോടി 25 ലക്ഷംരൂപ ഒരേ മനസ്സോടെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവന ചെയ്യാനും സന്നദ്ധരായത് പ്രശംസനീയമാണ്.

2023-24 സാമ്പത്തിക വർഷം നിരാലംബരും അസുഖ ബാധിതരായവരുമായ അർഹതപ്പെട്ട ഇടപാടുകാർക്ക് വ്യവസ്ഥകൾക്ക് വിധേയമായി 20474 വായ്പകളിലായി 200 കോടിരൂപ ഇളവ് നൽകാനും കഴിഞ്ഞു. ഇതുകൂടാതെ ജീവനക്കാർ മുൻകൈ എടുത്ത്കുടിശ്ശിക അടച്ചുതീർത്ത വായ്പകളും ഏറെയാണ്.

സമൂഹത്തിന്റെ ഭാഗമായ കേരള ബാങ്കിന് 209 കോടിരൂപയുടെ അറ്റലാഭമാണ് 2023-24 സാമ്പത്തിക വർഷം നേടാനായത്. രൂപീകരണത്തിന് ശേഷമുള്ള ഏറ്റവും മികച്ച ലാഭ നേട്ടമാണിത്. 116582 കോടി രൂപയാണ് ബാങ്കിന്റെ മൊത്തം ബിസിനസ്സ്. നിക്ഷേപം 67979 കോടിരൂപയും ആകെവായ്പ 48603 കോടിരൂപയുമാണ്. ബാങ്കിന്റെ ഭരണസമിതിയും ജീവനക്കാരും അംഗസംഘങ്ങളും ഒത്തൊരുമിച്ച് നേടിയതാണ് ഈ നേട്ടം.

സഹകരണ പ്രസ്ഥാനത്തിന്റെ കരുത്തും കരുതലും നിലനിർത്തിക്കൊണ്ട് കൂടുതൽ ഉയരങ്ങളിലേയ്ക്ക് നമുക്ക് മുന്നേറാം.

ഗോപി കോട്ടമുറിയ്ക്കൽ
പ്രസിഡന്റ്, കേരളബാങ്ക്

കേരള ബാങ്കിന്റെ പ്രവർത്തനങ്ങൾ മറ്റ് ബാങ്കുകളും മാതൃകയാക്കണമെന്ന് ബഹു. മുഖ്യമന്ത്രി

വയനാട് മുണ്ടകൈ ദുരന്തം: ചൂരൽമല ശാഖയിലെ വായ്പകൾ എഴുതിത്തള്ളി കേരള ബാങ്ക്

വയനാട് ജില്ലയിലെ മുണ്ടകൈയിൽ ഉണ്ടായ ഉരുൾപൊട്ടൽ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ കേരള ബാങ്ക് ചൂരൽമല ശാഖയിലെ വായ്പക്കാരിൽ മരണപ്പെട്ടവരുടെയും ഈടു നൽകിയ വീടും വസ്തുവകകളും നഷ്ടപ്പെട്ടവരുടെയും മുഴുവൻ വായ്പകളും എഴുതി തള്ളുന്നതിന് ബാങ്ക് ഭരണസമിതി യോഗം തീരുമാനിച്ചു.

കേരള ബാങ്ക് ജീവനക്കാർ 5.25 കോടി രൂപ
മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകി

വയനാട് ജില്ലയിലെ മുണ്ടക്കൈയിൽ ഉണ്ടായ ഉരുൾപ്പൊട്ടൽ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ കേരള ബാങ്കിലെ ജീവനക്കാർ 5.25 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സംഭാവന നൽകി.

കേരള ബാങ്ക് പ്രസിഡന്റ് ശ്രീ. ഗോപി കോട്ടമുറിയ്ക്കൽ ബഹു: മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന് ചെക്ക് കൈമാറി. സഹകരണ, തുറമുഖ വകുപ്പ് മന്ത്രി ശ്രീ. വി.എൻ. വാസവൻ, കേരള ബാങ്ക് എംപ്ലോയിസ് ഫെഡറേഷൻ (KBEF) പ്രസിഡന്റ് ശ്രീ. കടകംപള്ളി സുരേന്ദ്രൻ എംഎൽഎ, ബാങ്ക് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശ്രീ. ജോർട്ടി എം ചാക്കോ, KBEF ജനറൽ സെക്രട്ടറി ശ്രീ. കെ.ടി. അനിൽകുമാർ, കേരള ബാങ്ക് എംപ്ലോയീസ് കോൺഗ്രസ് ജനറൽ സെക്രട്ടറി ശ്രീ. കെ.എസ്. ശ്യാംകുമാർ എന്നിവരും സന്നിഹിതരായിരുന്നു.

കേരള ബാങ്കിലെ ജീവനക്കാർ ഒരേ മനസ്സോടെ അഞ്ചു ദിവസത്തെ ശമ്പളം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സംഭാവന ചെയ്യാൻ തീരുമാനമെടുക്കുകയും ജീവനക്കാരുടെ സംഘടനകൾ ഈ തീരുമാനത്തെ പിന്തുണക്കുകയും ചെയ്തതിനെ തുടർന്നാണ് ചെക്ക് കൈമാറിയത്. കേരള ബാങ്ക് 50 ലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് 30.07.2024-ന് തന്നെ നൽകിയിരുന്നു.

KERALA BANK
Kerala State Co-operative Bank

കേരള ബാങ്ക്
വാർഷിക ഫലം

2023-2024

209
കോടി രൂപയുടെ
അറ്റലാഭം

ലാഭം
20.5 കോടിയിൽ നിന്ന്
209 കോടിയിലേക്ക്

ആകെ ബിസിനസ്	– 116582 കോടി
പുതിയ വായ്പ	– 19601 കോടി
ശാഖാതല ബിസിനസ്	– 141.65 കോടി
കാർഷിക മേഖലയിൽ	– 99200 പുതിയ വായ്പകൾ
ചെറുകിട സംരംഭ മേഖലയ്ക്ക് (MSME)	– 85000 പുതിയ വായ്പകൾ

- നബാർഡിൽ നിന്നുള്ള കാർഷിക- കാർഷികേതര വായ്പയിൽ 80% വർദ്ധനവ് (6173 കോടിയിൽ നിന്ന് 11113 കോടിയിലേക്ക്)
- സംഘങ്ങൾക്ക് അനുവദിച്ച വായ്പ - 10335 കോടി രൂപ
- നിഷ്ക്രിയ ആസ്തി (NPA) 29.11.2019 -ലെ 8834 കോടിരൂപയിൽ നിന്ന് (23.39%) 5564 കോടി രൂപയായി കുറഞ്ഞു.(11.45%)
- 2025 - 26ൽ ആകെ വായ്പയുടെ മൂന്നിലൊന്ന് (33%) കാർഷികമേഖലക്ക്

കേരള ബാങ്കിൽ SB അക്കൗണ്ട് തുറക്കുന്നതിന് മിനിമം ബാലൻസ് പരിധിയോ ചാർജ്ജുകളോ ഈടാക്കുന്നതല്ല.

A SCHEDULED BANK

2023–2024 സാമ്പത്തികവർഷം
209 കോടി രൂപ അറ്റലാഭം

2023-24 സാമ്പത്തിക വർഷം കേരള ബാങ്ക് 209 കോടി രൂപയുടെ അറ്റലാഭം നേടി കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 10 ഇരട്ടി വളർച്ചയാണ് അറ്റലാഭത്തിൽ ഉണ്ടായിരിക്കുന്നത്. രൂപീകരണ ശേഷമുള്ള 5 സാമ്പത്തിക വർഷങ്ങളിലും ബാങ്കിന് അറ്റലാഭം നേടാൻ കഴിഞ്ഞു. നിക്ഷേപത്തിലും വായ്പയിലും മൊത്തം ബിസിനസ്സിലും ക്രമാനുഗതമായ വളർച്ചയുണ്ടായി. 2024 മാർച്ച് 31 പ്രകാരം 116582 കോടി രൂപയാണ്ബാങ്കിന്റെ മൊത്തം ബിസിനസ്.

- 2023-24 സാമ്പത്തിക വർഷം പുതുതായി 19601 കോടി രൂപയുടെ വായ്പ അനുവദിച്ചു. കാർഷിക മേഖലയിൽ 99200 വായ്പകളും, ചെറുകിട സംരംഭ മേഖലയിൽ 85000-ത്തിലധികം വായ്പകളും ഇക്കാലയളവിൽ ബാങ്ക് നൽകിയിട്ടുണ്ട്.
- 2024 മാർച്ച് 31 പ്രകാരം ബാങ്കിന്റെ മൂലധന പര്യാപ്തത 10.32% ആണ്. റിസർവ് ബാങ്ക് മാനദണ്ഡപ്രകാരം മൂലധന പര്യാപ്തത 9% വേണ്ടത്. ഇക്കാര്യത്തിൽ നിലവിൽ ബാങ്കിന്റെ സ്ഥിതി സുരക്ഷിതമാണ്.
- നബാർഡിൽ നിന്നുമുള്ള കാർഷിക-കാർഷികേതര വായ്പ 6173 കോടിയിൽ നിന്നും 11113 കോടിയായി ഉയർന്നു. നടപ്പ് സാമ്പത്തിക വർഷം 80 ശതമാനം വർദ്ധനവാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കാർഷികമേഖലയുമായി ബന്ധപ്പെട്ട വായ്പാ വിതരണത്തിനാണ് തുക വിനിയോഗിക്കുന്നത്.
- പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്ക് (PACS) വിവിധ വായ്പകൾക്കായി 10335 കോടി രൂപ അനുവദിച്ചു. (ബാങ്കിന്റെ മൊത്തം വായ്പയിൽ 21 ശതമാനം വായ്പയാണ് ഇത്). ഇത് പടിപടിയായി ഉയർത്തുന്നതിനുള്ള കർമ്മ പദ്ധതികൾ തൻ വർഷം ആസൂത്രണം ചെയ്തിട്ടുണ്ട്.
- 29.11.2019-ന് കേരള ബാങ്ക് രൂപീകരിക്കുമ്പോൾ ബാങ്കിന്റെ സഞ്ചിത നഷ്ടം 1151 കോടി രൂപ ആയിരുന്നു. നിഷ്ക്രിയ ആസ്തി 8834 കോടി രൂപയും (23.39%) 2024 മാർച്ച് 31 പ്രകാരം ബാങ്കിന്റെ സഞ്ചിത നഷ്ടം 477 കോടി രൂപയും നിഷ്ക്രിയ ആസ്തി 11.45 ശതമാനവുമാണ്.
- സാമ്പത്തിക ദുർബലതകൾ നേരിടുന്ന പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ പിന്തുണക്കുന്നതിനുള്ള പദ്ധതിയും വിഭാവനം ചെയ്തിട്ടുണ്ട്.
- കേരള ബാങ്ക് നബാർഡ് പുനർവായ്പാ പിന്തുണയോടെ നടപ്പാക്കിയ PACS as MSC/AIF പദ്ധതിയിൽ 166 PACS കൾക്കായി 203 പ്രൊജെക്ടുകളിൽ 436.83 കോടി രൂപ അനുവദിച്ച നൽകിയിട്ടുണ്ട്. ഇതിൽ 53 പദ്ധതികൾ പൂർത്തിയാക്കി കമ്മീഷൻ ചെയ്യുകയും ഈ പദ്ധതികളിൽ നിന്നും വിപണനവും വിദേശ രാജ്യങ്ങളിലേക്കടക്കം കയറ്റുമതിയും ആരംഭിച്ചിട്ടുണ്ട്.

2024-2025 സാമ്പത്തിക വർഷം വിഭാവനം ചെയ്യുന്ന പ്രവർത്തനങ്ങൾ

- 2024-2025 സാമ്പത്തിക വർഷം ബാങ്ക് ഊന്നൽ നൽകുന്നത് കാർഷിക മേഖലയുമായി ബന്ധപ്പെട്ടുള്ള വായ്പാ വിതരണം വർദ്ധിപ്പിക്കുന്നതിനും തദ്വാര 2025 മാർച്ച് 31 ന് ബാങ്കിന്റെ കാർഷിക മേഖലാ വായ്പയുടെ നിൽപ്പുബാക്കി ബാങ്കിന്റെ മൊത്തം വായ്പയുടെ 30 ശതമാനത്തിലേക്ക് (നിലവിൽ 24.65%) ഉയർത്തുകയും അടുത്ത സാമ്പത്തിക വർഷം (2025-26) മുതൽ ബാങ്കിന്റെ മൊത്തം വായ്പയിൽ മൂന്നിലൊന്ന് (33%) കാർഷിക മേഖലയിൽ ആയിരിക്കണമെന്നുമാണ്.
- ഇതിനായി കാർഷിക മേഖലയിൽ ദീർഘകാല നിക്ഷേപം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ദീർഘകാല വായ്പാ പദ്ധതികൾ, കാർഷിക മേഖലയിൽ സ്റ്റാർട്ട് അപ്പുകളുടെ പ്രോത്സാഹനത്തിനായി യുവ പ്രൊഫഷണലുകൾ, യൂത്ത് കോ-ഓപ്പറേറ്റീവ്സ് എന്നിവയ്ക്കായുള്ള സ്റ്റാർട്ട് അപ്പ് വായ്പാ പദ്ധതി, സ്വയം സഹായ സംഘങ്ങൾ, കുടുംബശ്രീ എന്നിവയുമായി ചേർന്നുള്ള വായ്പാ പദ്ധതികൾ എന്നിങ്ങനെ വിഭാവനം ചെയ്തിട്ടുണ്ട്. കൂടാതെ, ചെറുകിട കച്ചവടക്കാർക്കായി 'വ്യാപാർ മിത്ര' വായ്പാ പദ്ധതിയും നടപ്പാക്കും.
- സാധാരണക്കാരുടെ ബാങ്കായ കേരള ബാങ്കിൽ SB അക്കൗണ്ട് തുറക്കുന്നതിന് മിനിമം ബാലൻസ് പരിധിയോ ചാർജുകളോ ഈടാക്കുന്നതല്ല.

പി.എ. ഉമ്മർ
കേരള ബാങ്ക്
മാനേജിംഗ് കമ്മിറ്റി
ഉപദേശക അംഗം

കേരളത്തിലെ പോറലേൽക്കാത്ത സഹകരണ മേഖല

കേരളത്തിലെ സാമൂഹ്യ ജീവിതത്തിന്റെ സർവ്വ മേഖലകളിലും കയ്യൊപ്പ് ചാർത്തിയ ഒന്നാണ് സഹകരണ മേഖല. ഒരു കേരളീയന്റെ ജീവിതത്തിൽ എല്ലാ രംഗങ്ങളിലും സഹകരണ മേഖലയുടെ സേവനം ലഭ്യമായിരിക്കും എന്നത് നിസ്തർക്കമായ ഒരു വസ്തുതയാണ്. സാമ്പത്തികമായ ആവശ്യങ്ങൾ നിവർത്തിക്കുന്നതിനു വേണ്ടി ആരംഭിച്ച ഈ പ്രസ്ഥാനം ഇന്ന് കടന്നുചെല്ലാത്ത മേഖലകൾ ഇല്ല എന്ന് തന്നെ പറയാം. അതാണ് സഹകരണമേഖല ഇന്ത്യയിൽ ഏറ്റവും വിജയിച്ചത് കേരളത്തിലാണ് എന്ന് പറയുന്നതിന്റെ അടിസ്ഥാന കാരണം. കേര ളത്തിലെ സഹകരണ പ്രസ്ഥാനം ലോകത്തിനുതന്നെ മാതൃകയായ ഒന്നാണെന്ന് തെളിയിച്ചു കഴിഞ്ഞതാണ്. അതിന്റെ ഗുണഫലങ്ങൾ കേരളത്തിലെ സാമാന്യ ജനവിഭാഗം, വിശിഷ്യ കർഷക, കർഷക തൊഴിലാളികൾ മറ്റ് ചെറുകിട ജീവിത സാഹചര്യങ്ങളിൽ ഉള്ളവർ എന്നിവർ ദിവസേന അനുഭവിച്ചുകൊണ്ടിരിക്കുന്നുണ്ട്.

കേരളത്തിന്റെ സാമ്പത്തിക മേഖലയിൽ ഗണനീയമായ സ്ഥാനം വഹിക്കുന്ന ഒന്നാണ് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ. സംസ്ഥാനത്ത് 30 ലക്ഷം കോടി രൂപയുടെ ബിസിനസാണ് പ്രാഥമിക സഹകരണ സംഘങ്ങളും, സഹകരണ അർബൻ ബാങ്കുകളും, മറ്റ് ക്രെഡിറ്റ് സംഘങ്ങളും കൂടി കൈകാര്യം ചെയ്യുന്നത്. അത് സംസ്ഥാനത്തിന്റെ ഒരു വർഷത്തെ ആകെ ബഡ്ജറ്റ് തുകയുടെ 4 ഇരട്ടിയിലധികം വരും. ഇത്രയും വലിയ തുക കൈകാര്യം ചെയ്യുന്ന നിലയിലേക്ക് നമ്മുടെ സഹകരണമേഖല വളർന്നിരിക്കുന്നു എന്ന് കാണണം. ഇത്തരത്തിൽ വളർച്ച കൈവരിച്ചതിന്റെ മൂലകാരണത്തെക്കുറിച്ച് നാം ചിന്തിക്കേണ്ടിയിരിക്കുന്നു. അതിന്റെ വളർച്ചയ്ക്കായി നിസ്വാർത്ഥമായി പ്രവർത്തിച്ച പൊതുപ്രവർത്തകരായ സഹകാരികളും ആരംഭദശയിൽ തുച്ഛമായ വേതനം മാത്രം സ്വീകരിച്ചുകൊണ്ട് ജോലി എടുത്തിരുന്ന ജീവനക്കാരുമാണ് ഈ വളർച്ച സാധ്യമാക്കിയതെന്ന് കാണാൻ കഴിയും. ഈ പ്രസ്ഥാനത്തിന്റെ മുൻകാല ചരിത്രം പഠിച്ചാൽ മാത്രമേ ഇക്കാര്യങ്ങളിൽ അവർ സഹിച്ച ത്യാഗത്തിന്റെ മൂല്യം അറിയാൻ കഴിയൂ. അന്നത്തെ സഹകാരികൾ യാതൊരു പ്രതിഫലവും കാംക്ഷിക്കാതെ സേവന തൽപരത മാത്രം കണ്ടു കൊണ്ടാണ് ഈ പ്രസ്ഥാനത്തിൽ പ്രവർത്തിച്ചിരുന്നത് എന്നതാണ് വസ്തുത.

ഇത്തരത്തിൽ വികാസം പ്രാപിച്ച കേരളത്തിന്റെ സഹകരണ പ്രസ്ഥാനത്തിൽ ചില പുഴു കുത്തുകൾ വന്നു ചേരുന്നുണ്ട് എന്ന ദുഃഖസത്യം നാം കാണാതിരുന്നുകൂടാ. പൂർവികരായ സഹകാരികൾ ത്യാഗോജ്ജ്വലമായി പടുത്തുയർത്തിയ ഈ പ്രസ്ഥാനത്തെ തകർക്കാനും ജനസമക്ഷം ഇടിച്ചു താഴ്ത്താനും മാത്രമേ ഇത്തരത്തിലുള്ള ചെയ്തികൾ സഹായിക്കുകയുള്ളൂ. അത്തരത്തിലുള്ള തെറ്റായ നീക്കങ്ങളെ കണ്ടെത്തി അതിനെ തടയുന്നതിനുള്ള നടപടികൾ കേരള സർക്കാർ കൈക്കൊള്ളുന്നു എന്നുള്ളത് ആശ്വാസകരമാണ്. അതിന് ഉതകുന്ന തരത്തിൽ നിയമത്തിൽ തന്നെ ആവശ്യമായ ഭേദഗതികൾ ഇതിനകം വരുത്തി കഴിഞ്ഞിട്ടുണ്ട്.

> ജോർദാനിൽ വെച്ച് നടന്ന പതിനൊന്നാമത് ഏഷ്യ പസഫിക് കോ-ഓപ്പറേറ്റീവ് മിനിസ്റ്റേഴ്സ് ഉച്ചകോടിയിൽ ഇന്ത്യൻ സംഘത്തെ നയിക്കാൻ കേരളത്തിലെ സഹകരണ മന്ത്രിയെയാണ് തിരഞ്ഞെടുത്തത്.

നാടിനെ പിടിച്ച് ഉലച്ച പ്രളയം, കോവിഡ് മഹാമാരി ഉൾപ്പെടെ തുടങ്ങിയ ദുരന്തകാലങ്ങളിൽ സഹകരണമേഖല സംസ്ഥാനത്തിനും സർക്കാറിനും കൈത്താങ്ങായി ഉണർന്നു പ്രവർത്തിച്ചിരുന്നു എന്ന് പ്രത്യേകം എടുത്തു പറയേണ്ടിയിരിക്കുന്നു. നാടിന്റെ അടിയന്തരഘട്ടങ്ങളിൽ വരുമ്പോൾ അവിടെ ഇടപെടാനും ആശ്വാസം നൽകാനും ഇതുപോലെ സന്നദ്ധമായ ഒരു പ്രസ്ഥാനം വേറെ ഇല്ല തന്നെ. ഇത്തരം സന്ദർഭ ങ്ങളിൽ ഒക്കെ തന്നെ സർക്കാർ ഉടമസ്ഥതയിലുള്ള മറ്റൊരു ധനകാര്യ സ്ഥാപ നവും ഈ രീതിയിൽ സഹായഹസ്തം നൽകിയിട്ടില്ല എന്നത് കൂടി നാം കാണേണ്ടിയിരിക്കുന്നു. ഇതിനു പുറമേ എല്ലാകാലത്തും നടത്തിക്കൊണ്ടിരിക്കുന്ന വിപണിയിലെ ഇടപെടൽ, കാർഷിക സുസ്ഥിരവികസനത്തിനുള്ള പ്രവർത്തന ങ്ങൾ എന്നിവയൊക്കെ തുടർന്നുകൊണ്ടിരിക്കുന്നുമുണ്ട്. ഈ രീതിയിൽ വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ കാഴ്ചവെച്ചുകൊണ്ട് സേവനം ചെയ്തു കൊണ്ടിരിക്കുന്ന ഒരു പ്രസ്ഥാനമാണ് കേരള സഹകരണ മേഖല എന്നത് കൊണ്ടാണ് ഈ അടുത്ത സമയത്ത് ജോർദാനിൽ വെച്ച് നടന്ന പതിനൊന്നാമത് ഏഷ്യ പസഫിക് കോ-ഓപ്പറേറ്റീവ് മിനിസ്റ്റേഴ്സ് ഉച്ചകോടിയിൽ ഇന്ത്യൻ സംഘത്തെ നയിക്കാൻ കേരളത്തിലെ സഹകരണ മന്ത്രിയെ തിരഞ്ഞെടുത്തത്. ഒരു സംസ്ഥാനത്തെ പ്രതിനിധാനം ചെയ്ത് സംസാരിക്കാൻ അവസരം ലഭിച്ചത് ഇന്ത്യയിൽ കേരളം മാത്രമാണ്. കേരളത്തിന്റെ സഹകരണ മേഖലയിലെ നേട്ടങ്ങളും സേവനങ്ങളും അത് എങ്ങിനെയാണ് നിലവിലുള്ള സ്ഥിതിയിൽ ഒരു ബദൽ മാതൃക സൃഷ്ടിക്കുന്നത് എന്ന് വിവരിക്കുവാനും മേൽ ഉച്ചകോടിയിൽ കഴിഞ്ഞു എന്ന് ബഹു മന്ത്രി തന്നെ പറയുകയുണ്ടായി. ഇത് കേരളം ഈ മേഖലയിൽ കൈവരിച്ച നേട്ടത്തിന്റെ മികച്ച ഒരു ഉദാഹരണം തന്നെയായി കണക്കാക്കാം.

സാഹചര്യങ്ങൾ ഇങ്ങനെയൊക്കെ നിലനിൽക്കുന്നു എങ്കിലും കേരളത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളിൽ ജീവനക്കാരുടെ തലത്തിൽ പ്രൊഫഷണലിസത്തിന്റെ അഭാവം ദൃശ്യമാണ്. ഇന്നത്തെ കാലഘട്ടത്തിൽ കൃത്യമായ പ്രൊഫഷണൽ മാനേജ്മെന്റ് നടത്തിയാൽ മാത്രമേ ജനങ്ങൾക്ക് തൃപ്തികരമായ തരത്തിൽ സേവനം നൽകിക്കൊണ്ട് പ്രവർത്തനം മുന്നോട്ടു നീങ്ങാൻ കഴിയുകയുള്ളൂ. അതിനായി അത്തരത്തിൽ യോഗ്യതയു ള്ളവരെ നിയമിക്കുകയും നിലവിലുള്ളവർക്ക്

പരിശീലനം നൽകേണ്ടതും അത്യാവശ്യമാണ്.

സഹകരണ ബാങ്കുകൾ വായ്പ നൽകുമ്പോൾ സ്വീകരിക്കേണ്ട നടപടികളിലും ചട്ടങ്ങളിലും സമൂലമായ മാറ്റം അനിവാര്യമാണ്. വായ്പയ്ക്ക് ഈടായി നൽകേണ്ടുന്ന ഭൂമിയുടെ വിലനിർണയവും അതിന്മേൽ നൽകാവുന്ന വായ്പാ തുകയും നിയതമായ തോതിൽ മാത്രമായിരിക്കാൻ സജീവ ശ്രദ്ധ അത്യാവശ്യം ആണ്. എങ്കിൽ മാത്രമേ തിരിച്ചടവ് കൃത്യമായ രീതിയിൽ ആയിരിക്കുകയുള്ളൂ. തിരിച്ചടവ് കൃത്യമായില്ല എങ്കിൽ അത് ബാങ്കിന്റെ സാമ്പത്തിക സ്ഥിതിയെ തന്നെ ബാധിക്കാൻ സാധ്യത വളരെ കൂടുതലാണ്. അതേപോലെ വായ്പ നൽകുന്ന അവസരത്തിൽ വായ്പക്കാരന്റെ വിവരങ്ങൾ പ്രത്യേകം പരിശോധിക്കേണ്ടതും, അത് പൂർണ്ണ തൃപ്തികരമാണെങ്കിൽ മാത്രം വായ്പ അനുവദിക്കുകയും ചെയ്യേണ്ടതാണ്. ഇത്തരത്തിൽ നിശ്ചിത നിയമപ്രകാരം മാത്രം വായ്പ നൽകുന്നതിനും അതിന്റെ തിരിച്ചടവ് കൃത്യതയോടും കൂടി മോണിറ്റർ ചെയ്യുന്നതിനും നേരത്തെ പരാമർശിച്ച പ്രൊഫഷണലിസം അത്യന്താപേക്ഷിതമാണ്.

കേരളത്തിലെ സഹകരണ വായ്പ മേഖലയെ കൂടുതൽ പരിപോഷിപ്പിക്കുന്നതിനും അതിനെ ഒരു കൊമേർഷ്യൽ (Commercial Bank) ബാങ്കിന്റെ നിലയിലേക്ക് ഉയർത്തുന്നതിനും കൂടി ലക്ഷ്യമിട്ടാണ് കേരള ബാങ്ക് രൂപീകരിച്ചത്. അതിന്റെ പ്രവർത്തനത്തിൽ ഇപ്പറഞ്ഞ പ്രൊഫഷണൽ രീതി പൂർണതോതിൽ നടപ്പാക്കി കൊണ്ടിരിക്കുന്നു. കേരളത്തിലെ സഹകരണ മേഖലയ്ക്ക് മൊത്തത്തിലും ഉപഭോക്താക്കൾക്ക് പ്രത്യേകിച്ചും അതിന്റെ ഗുണഫലം ലഭിക്കുകയും ചെയ്യും.

മേൽ പരാമർശിച്ചതിൽ നിന്ന് കേരളത്തിലെ സഹകരണ മേഖല രാജ്യത്തെ എന്നല്ല ലോകത്തിലെ തന്നെ സമാനമായ മേഖലയ്ക്ക് ഒരു മാതൃകയായി മാറിയതായി കാണാവുന്നതാണ്. അതിനെ തകർക്കാനോ അതിന്റെ സേവനത്തെ ഇകഴ്ത്തി കാണിക്കാനോ ആര് ശ്രമിച്ചാലും അത് പ്രാവർത്തികമാകാൻ പോകുന്നില്ല എന്നതാണ് അനുഭവം നമ്മെ പഠിപ്പിക്കുന്നത്. ഈ നാട്ടിലെ നിസ്വാർത്ഥരായ സഹകാരികളും അവരുടെ നേതൃത്വത്തിൽ പ്രവർത്തിച്ച കൊണ്ടിരിക്കുന്ന ജീവനക്കാരും ചേർന്ന് വളർത്തിയെടുത്ത ഈ പ്രസ്ഥാനം പരസ്പര വിശ്വാസത്തിലും രാഷ്ട്രീയ നേതൃത്വത്തിലും അധിഷ്ഠിതമായി ഇവിടെ നിലനിന്നു പോരുന്നതാണ്. അതിന്റെ പ്രവർത്തനം ആധുനിക കാലഘട്ടത്തിന്റെ വെല്ലുവിളികളെ അതിജീവിക്കുന്ന തരത്തിൽ ചിട്ടപ്പെടുത്തുകയാണ് ചെയ്യേണ്ടത്. അത്തരത്തിൽ പ്രവർത്തിക്കാനായാൽ ഒരു ശക്തിക്കും കേരളത്തിന്റെ സഹകരണ മേഖലയെ ക്ഷീണിപ്പിക്കാനോ തകർക്കാനോ കഴിയുകയില്ല എന്നതാണ് യാഥാർത്ഥ്യം.

അന്താരാഷ്ട്ര സഹകരണ ദിനാഘോഷത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം കോട്ടയം മാമ്മൻ മാപ്പിള ഹാളിൽ സഹകരണ-തുറമുഖ വകുപ്പ് മന്ത്രി വി.എൻ. വാസവൻ നിർവഹിക്കുന്നു.

അന്താരാഷ്ട്രസഹകരണ ദിനാഘോഷം - കേരള ബാങ്ക് ഹെഡ് ഓഫീസ്.

ഐസിഎ ആഗോള
സഹകരണ കോൺഫറൻസ് ഇന്ത്യയിൽ

അന്തർദേശീയ സഹകരണ സഖ്യത്തിന്റെ (ഇൻറർനാഷണൽ കോ-ഓപ്പറേറ്റീവ് അലയൻസ്-ഐസിഎ) നേതൃത്വത്തിലുള്ള ആഗോള സഹകരണ കോൺഫറൻസ് 2024 നവംബർ 25 മുതൽ 30 വരെ ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നടക്കും. സഹകാരികളുടെയും സഹകരണ സംഘങ്ങളുടെയും, ലോകത്തെ ഏറ്റവും വലിയ കൂടിച്ചേരലാണ് സമ്മേളനം. ഐസിഎയിൽ അംഗമായ ഇന്ത്യയിലെ ഇന്ത്യൻ ഫാർമേഴ്സ് ഫെർട്ടിലൈസർ കോ-ഓപ്പറേറ്റീവും(ഇഫ്കോ), ഇന്ത്യയിൽ നിന്നുള്ള അംഗ സംഘങ്ങളും ഇന്ത്യൻ സഹകരണ പ്രസ്ഥാനവും കൂട്ടായിട്ടാണ് ഈ കോൺഫറൻസിന് വേദിയൊരുക്കുന്നത്.

സഹകരണ സംഘങ്ങൾ എല്ലാവർക്കും സമൃദ്ധി സൃഷ്ടിക്കുന്നു (Co-operatives Build Prosperity for All) എന്നതാണ് പ്രമേയം

ഇന്ത്യയിൽ ആദ്യമായിട്ടാണ് ഇത്തരത്തിലുള്ള ആഗോള സഹകരണ കോൺഫറൻസ് നടക്കുന്നത്. ഇത് സംഘടിപ്പിക്കാൻ ഇന്ത്യ എന്തുകൊണ്ടും യോഗ്യമാണ്. ലോകത്തെ സഹകരണ പ്രസ്ഥാനങ്ങളിൽ ശക്തമായ ഒന്നാണ് ഇന്ത്യയിലേത്. ലോകത്തിലെ സഹകരണ സംരംഭങ്ങളുടെ ഏതാണ്ട് നാലിലൊന്ന് ഇന്ത്യയിലാണ്. അംഗത്വത്തിന്റെ കാര്യത്തിൽ ലോകത്ത് രണ്ടാം സ്ഥാനത്താണ് ഇന്ത്യയിലെ സഹകരണ പ്രസ്ഥാനം.

ബഹുമുഖ സേവന കേന്ദ്രങ്ങളാകുന്ന സംഘങ്ങൾ

നാടിന്റെ വികസനം സംഘങ്ങളിലൂടെ എന്ന ലക്ഷ്യം മുൻ നിർത്തി പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളെ വിവിധോദ്ദേശ സേവന കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് നബാർഡ് ധനസഹായത്തോടെ കേരള ബാങ്ക് അനുവദിക്കുന്ന PACS as MSC പദ്ധതിയിലൂടെ ഇതുവരെ 166 പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്ക് 203 പ്രോജക്ടുകൾക്കായി 436.83 കോടി രൂപ അനുവദിച്ചു. അഗ്രികൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് പദ്ധതിപ്രകാരം 1 % പലിശ നിരക്കിൽ (3% പലിശ സബ്സിഡി ഉൾപ്പെടെ) 151 സംഘങ്ങൾക്കായി 200.91 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. മണ്ണാർകാട് റൂറൽ സഹകരണ സംഘം, ഏറാമല സർവ്വീസ് സഹകരണ സംഘം, ഭരണിക്കാവ് സർവ്വീസ് സംഘം, അഞ്ചരക്കണ്ടി ഫാർമേഴ്സ്

പ്രാദേശിക വിഭവങ്ങൾക്ക് വലിയ വിപണിയാണ് നാട്ടുചന്തയിൽ തുറന്നു കിട്ടിയത്. ശീതീകരിച്ച സൂപ്പർ മാർക്കറ്റ്, ഭക്ഷണശാല, മെഡിക്കൽ ലാബ് സംവിധാനം തുടങ്ങി എല്ലാ ആവശ്യങ്ങളും ഒറ്റ നടത്തത്തിൽ.

സഹകരണ സംഘം, പാണഞ്ചേരി, കുന്നുകര, കാക്കൂർ തുടങ്ങി അനേകം സംഘങ്ങൾ PACS as MSC വായ്പ പദ്ധതിയിലൂടെ നാടിന്റെ വികസനം സാധ്യമാക്കിക്കഴിഞ്ഞു. AIFപദ്ധതിയുടെ കീഴിൽ രാജ്യത്ത് പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്ക് ഏറ്റവും കൂടുതൽ (വിവിധ പ്രോജക്ടുകൾക്കായി) വായ്പ വിതരണം ചെയ്തത് കേരള ബാങ്കിലൂടെയാണ്.

മണ്ണാർക്കാടിന്റെ മോഡേൺ നാട്ടുചന്ത.

'നല്ല ആരോഗ്യത്തിന് നല്ലഭക്ഷണം, നല്ല ആരോഗ്യത്തിന് നല്ല നടത്തം, മണ്ണാർക്കാട്ടുകാർക്ക് ഇനി ഒറ്റ നടത്തം' എന്ന മുദ്രാവാക്യവുമായി ആരംഭിച്ച മണ്ണാർക്കാട് റൂറൽ സർവ്വീസ് സഹകരണ സംഘത്തിന്റെ നാട്ടുചന്ത ഒരേ സമയവും നാടിന്റെ ആരോഗ്യവും, വികസനവും ലക്ഷ്യമാക്കുന്നു. ആധുനിക ഓസോൺ വാഷിംഗ് സംവിധാനത്തിലൂടെ വിഷ രഹിത പച്ചക്കറി ലഭിക്കുന്ന കേരളത്തിലെ ആദ്യ പ്ലാന്റും ഇവിടെയാണ്.

പ്രാദേശിക വിഭവങ്ങൾക്ക് വലിയ

വിപണിയാണ് ഇവിടെ തുറന്നു കിട്ടിയത്. ശീതീകരിച്ച സൂപ്പർ മാർക്കറ്റ്, ഭക്ഷണശാല, മെഡിക്കൽ ലാബ് സംവിധാനം തുടങ്ങി എല്ലാ ആവശ്യങ്ങളും ഒറ്റ നടത്തത്തിൽ ലഭിക്കുന്നു.

അത്യാധുനിക തേൻ സംസ്കരണ ശാലയും ഇവിടെയുണ്ട്. 9 കോടി 16 ലക്ഷം രൂപയാണ് PACS as MSC യിലൂടെ വായ്പ അനുവദിച്ചത്.

മയൂരം വെളിച്ചെണ്ണയുമായ് ഏറാമല.

ഏറാമല സർവ്വീസ് സഹകരണബാങ്കിന്റെ കോക്കനട്ട് കോംപ്ലക്സിൽ നിന്നും ഉല്പാദിപ്പിക്കുന്ന മയൂരം വെളിച്ചെണ്ണ വിദേശ രാജ്യങ്ങളിലേക്ക് കയറ്റുമതി ആരംഭിച്ച് കഴിഞ്ഞു. പ്രാദേശിക കർഷകരിൽ നിന്നു സ്വീകരിക്കുന്ന നാളികേരം ഗ്രേഡ് ചെയ്ത് ഏറ്റവും ഗുണനിലവാരമുള്ള കൊപ്ര ഉപയോഗിച്ചാണ് മയൂരം വെളിച്ചെണ്ണ നിർമ്മിക്കുന്നത്. ഗുണനിലവാരം കുറഞ്ഞ കൊപ്ര ഉപയോഗിച്ച് നിലവിളക്കെണ്ണയും ഉലാപാദിപ്പിക്കുന്നുണ്ട്. കൂടാതെ ഏറാമലയുടെ തേങ്ങാപ്പാൽ, ഉരുക്കുവെളിച്ചെണ്ണ, ഹെയർ ഓയിൽ എന്നിവക്കും ആവശ്യക്കാരേറെയാണ്. PACS as MSC യിലൂടെ 2 കോടി രൂപയാണ് വായ്പ എടുത്തത്.

കൂവകൃഷിയുമായി മാഞ്ഞാലി സർവ്വീസ് സഹകരണസംഘം

എറണാകുളം ജില്ലയിലെ മാഞ്ഞാലി സർവ്വീസ് സഹകരണസംഘം മലബാറിൽ നിന്ന് പ്രത്യേകമായി എത്തിച്ച രാജ കൂവ കൂവകിഴങ്ങുകൾ നാട്ടുകാർക്കിടിയിൽ പ്രചരിപ്പിക്കുകയും, അത്ര വ്യാപകമല്ലാത്ത കൂവകൃഷി ചെയ്യാൻ അവർക്ക് ആത്മവിശ്വാസം നൽകുകയും ചെയ്തു. ബാങ്കിന്റെ സ്വന്തമായ സംസ്കരണകേന്ദ്രവും ഫാക്ടറിയും ഉള്ളപ്പോൾ ന്യായമായ വില ലഭിക്കുമെന്ന കർഷകന്റെ വിശ്വാസവും തെറ്റിയില്ല.

നാട്ടിലെ കർഷകരിൽ നിന്ന് 30 ടൺ കുവ സംഭരിക്കാൻ മാഞ്ഞാലി സംഘത്തിന്റെ പ്രവർത്തനത്തിലൂടെ സാധിച്ചു.

ഏറ്റവും മികച്ച ഗുണനിലവാരത്തിൽ തയ്യാറാക്കുന്ന മാഞ്ഞാലിയുടെ 30 ടൺ കുവപ്പൊടിക്കാണ് ഗൾഫിൽ നിന്ന് ആദ്യ ഓർഡർ ലഭിച്ചത്. കുവ സീസൺ കഴിയുന്നതോടെ ചക്ക സംസ്കരണവും, കുമ്പളങ്ങ, കാന്താരി മുളക്, നെല്ലിക്ക ഇവ ഉപയോഗിച്ചുള്ള വിവിധ മൂല്യവർധിത ഉല്പന്നങ്ങളും ധാരാളമായി ഉല്പാദിപ്പിക്കുന്നു.

ഭരണിക്കാവിന്റെ അഗ്രോ ക്ലിനിക്ക്

കൃഷിയെ സ്നേഹിക്കുന്നവർക്ക് ആശ്വാസമായി വിളകൾക്കു രോഗം വന്നാൽ അവധി ദിവസങ്ങളിൽ ഉൾപ്പെടെ ഏതു സമയത്തും ഓടിയെത്തുന്ന ഒരു വിള ഡോക്ടർ ഉണ്ടാവണം എന്ന ലക്ഷ്യത്തിലാണ് സ്വന്തമായി ഒരു അഗ്രോക്ലിനിക് സ്ഥാപിക്കാൻ ഭരണിക്കാവ് സർവ്വീസ് സഹകരണ ബാങ്കിനെ പ്രേരിപ്പിച്ചത്.

ജാതിയുടെ കായ്പൊഴിച്ചിലായാലും, പയറിന്റെ മുഞ്ഞയായാലും അഗ്രോ ക്ലിനിക്കിൽ പ്രതിവിധി ഉണ്ടാവും. ഡോക്ടർ കുറിക്കുന്ന മരുന്ന് സംഘത്തിന്റെ ഇൻപുട്ട് സെന്ററിൽ നിന്ന് അപ്പോൾ തന്നെ ലഭിക്കും. വിവിധ തരം ജീവാണുക്കൾ, ജൈവ കീടനാശിനികൾ, കെണികൾ എന്നിവയൊക്കെ ഇവിടെ ലഭ്യമാണ്. ആശുപത്രിയോടു ചേർന്നുതന്നെ വളം ഡിപ്പോയും ക്രമീകരിച്ചിട്ടുണ്ട്. ക്ലിനിക്കിൽ എത്താൻ കഴിയാത്തവർക്ക് വാട്സാപ്പിലൂടെയും പ്രശ്ന പരിഹാരം കണ്ടെത്താം.

നാട്ടിലെ കർഷകർക്ക് ഉല്പന്നങ്ങൾ വിറ്റഴിക്കാനും, വിഷരഹിത പച്ചക്കറി ഉറപ്പാക്കാനുമായി ഒരു ഇക്കോ ഷോപ്പും സംഘത്തിന്റെ നിയന്ത്രണത്തിലുണ്ട്. 1 കോടി 43 ലക്ഷം രൂപയാണ് ഭരണിക്കാവിനു PACS as MSC യിലൂടെ അനുവദിച്ചത്.

സഹകാരി ഉല്പന്നങ്ങളുമായി അഞ്ചരക്കണ്ടി.

ദിവസേന ശരാശരി അരലക്ഷം നാളികേരം സംസ്കരിക്കുന്ന അഞ്ചരക്കണ്ടി ഫാർമേഴ്സ് സഹകരണസംഘത്തിന്റെ സഹകാരി ഫാക്ടറിയിലൂടെ വെളിച്ചെണ്ണ, ബേബി മസാജ് ഓയിൽ തുടങ്ങി വിവിധ ഇനം സഹകാരി ഉല്പന്നങ്ങളാണ് വിപണിയിലെത്തുന്നത്.

വിപണി വിലയെക്കാൾ 2 രൂപയെങ്കിലും അധികം നൽകിയാണ് ഇവിടെ പച്ചതേങ്ങ സംഭരിക്കുന്നത്. കർഷകർക്ക് ന്യായമായ വില, ഗുണനിലവാരമുള്ള ഉല്പന്നങ്ങൾ, മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ പ്രോത്സാഹനം, മെച്ചപ്പെട്ട തൊഴിലവസരം തുടങ്ങി നാടിന്റെ വളർച്ചയ്ക്കും വികസനത്തിനും മുൻതൂക്കം നൽകിയയുള്ള പ്രവർത്തനങ്ങളാണ് അഞ്ചരക്കണ്ടി സംഘം ലക്ഷ്യമാക്കുന്നത്.

നാളികേര സംസ്കരണ ശാലക്കുപുറമെ 5 വളം ഡിപ്പോകൾ, കർഷക സേവന കേന്ദ്രം, നഴ്സറി, തൊണ്ട് സംസ്കരണ യൂണിറ്റ് എന്നിവയും സംഘത്തിന്റേതായുണ്ട്. 3 കോടി രൂപയാണ് PACS MSC യിലൂടെ വായ്പയായി അനുവദിച്ചത്

കുന്നുകര അഗ്രി പ്രൊഡക്ട് & മാർക്കറ്റിംഗ് യൂണിറ്റ്

ഏത്തക്കായ, മരച്ചീനി എന്നിവയിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾക്കായുള്ള വാക്വം ഫ്രൈഡ് ചിപ്സ് പ്ലാന്റ് ആണ് കുന്നുകര അഗ്രി പ്രൊഡക്ടിലെ പ്രധാന ആകർഷണം. 8% ത്തിൽ താഴെ ഓയിൽ കണ്ടന്റ് ഉള്ള വിവിധ ഉല്പന്നങ്ങളാണ് chip -coop എന്ന ബ്രാന്റിൽ വിദേശ ടെക്നോളജി ഉള്ള ഫുള്ളി ഓട്ടോമേറ്റഡ് മെഷീനറി ഉപയോഗിച്ച് ആദ്യ ഘട്ടത്തിൽ ഉല്പാദിപ്പിക്കുന്നത്.

കാർഷിക മുന്നേറ്റത്തിന് കർഷക ഉല്പാദക സംഘങ്ങൾ

കാർഷിക മുന്നേറ്റത്തിനും കർഷകശാക്തീകരണത്തിനുമായി കേരള ബാങ്ക് നടപ്പാക്കി വരുന്ന അനേകം പദ്ധതികളിൽ ഏറ്റവും പ്രാധാന്യം അർഹിക്കുന്നതാണ് കർഷക ഉല്പാദക സംഘങ്ങളുടെ(FPO) സംഘാടനം

കർഷക കൂട്ടായ്മകളുടെ രൂപീകരണത്തിലൂടെ അടിസ്ഥാന സൗകര്യ വികസനം, കാർഷിക വായ്പാ സൗകര്യം, മെച്ചപ്പെട്ട വിപണി സാധ്യത, പ്രാഥമിക സഹകരണ സംഘങ്ങളുടെ ശാക്തീകരണം, കാർഷിക മൂല്യ വർദ്ധിത സംരംഭങ്ങൾ, തുടങ്ങി അനേകം മേഖലകളിൽ മെച്ചപ്പെട്ട മാർഗ്ഗനിർദ്ദേശവും വികസവും സാധ്യമാകുന്നു. കൃഷിയിലും അനുബന്ധ മേഖലകളിലും ഇടത്തട്ടുകാരാൽ വിഷമിക്കുന്ന നാമമാത്ര ചെറുകിട കർഷകരെയും സംരംഭകരേയും ശാക്തീകരിക്കുന്നതിനു ഫലപ്രദമായ ഒരു പദ്ധതിയാണ് FPO കളുടെ സംഘാടനം

കഴിഞ്ഞ 2 വർഷത്തിലേറെയായി കേരള ബാങ്ക് നടത്തിവരുന്ന FPO സംഘാടന പ്രവർത്തനങ്ങൾ ഇന്നും അനസ്യൂതം തുടർന്നു കൊണ്ടിരിക്കുകയാണ്. ഈ പ്രവർത്തനങ്ങളുടെ ഭാഗമായി കേരളത്തിലുടനീളം 47 പ്രാദേശിക യോഗങ്ങൾ സംഘടിപ്പിക്കുകയും പ്രസ്തുത യോഗങ്ങളിൽ 4700 ഓളം കർഷകരും കർഷക നേതാക്കളും പങ്കെടുക്കുകയും ചെയ്തു. കേരളത്തിൽ ഇതിനോടകം 36 കർഷക ഉൽപാദക സംഘങ്ങളുടെ സംഘാടനവും വാണിജ്യാടിസ്ഥാനത്തിലുള്ള പ്രവർത്തനവും പൂർണ്ണമായോ ഭാഗികമായോ നടന്നു വരുന്നു.

കർഷക ഉൽപ്പാദക സഹകരണ സംഘങ്ങളിലെ അംഗങ്ങളുടെ നൈപുണ്യ വികസനത്തിനായി കേരള കാർഷിക സർവ്വകലാശാല സർക്കാരിന്റെ ബന്ധപ്പെട്ട വകുപ്പുകൾ എന്നിവരുമായി സഹകരിച്ച് പരിശീലന പരിപാടികളും നടന്നു കഴിഞ്ഞു.

ഈ ശ്രേണിയിൽ ചുരുങ്ങിയ കാലം കൊണ്ട് മാതൃകാപരമായ വികസന പ്രക്രിയയിൽ ഏർപ്പെട്ടു വരുന്ന ഒട്ടനവധി സംഘങ്ങളുണ്ട്. എറണാകുളം ജില്ലയിലെ കിഴക്കമ്പലം ഗ്രാമത്തിൽ 300 ൽ അധികം അംഗങ്ങളുള്ള PAPCOS സംഘം അത്യുൽപ്പാദന ശേഷിയുള്ള പപ്പായ ഇനങ്ങളുടെ കൃഷിയും വിപണനവും മൂല്യവർദ്ധനവും നടത്തിവരുന്നു. ആ മേഖലയിലെ വിവിധ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുമായി ചേർന്ന് അവർ നടത്തുന്ന വിപണന പരിശ്രമങ്ങൾ കർഷകർക്ക് ഉയർന്ന വിലലഭിക്കുവാൻ സഹായിക്കുന്നു.

കൊല്ലം ജില്ലയിലെ ചിതറ ഗ്രാമം കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന മലയോരം FPO മത്സ്യ കൃഷി, പോത്തുകുട്ടി വളർത്തൽ പാലുല്പാദനം പച്ചക്കറി ഉൽപാദനം എന്നീ രംഗങ്ങളിൽ മാതൃകപരമായ വികസന പരിപാടികൾ നടപ്പിലാക്കി ആപ്രദേശത്തെ കർഷകർക്ക് ഒന്നടങ്കം പ്രചോദനവും പ്രോത്സാഹനവും നൽകി വരുന്നു.

300 അധികം അംഗങ്ങളുമായി പ്രവർത്തിച്ചു വരുന്ന കിഴക്കേ കൂത്തുപറമ്പിലെ കൂത്ത് East FPO 70 സങ്കരയിനം പശുക്കളുടെ ഫാമും അതോടനുബന്ധിച്ച് സാധ്യമാകുന്ന മൂല്യവർദ്ധന പരിപാടികളും നടപ്പിലാക്കി വരുന്നു.

മലബാറിലെ പ്രധാന കുടിയേറ്റ കർഷക മേഖലകളിൽ ഒന്നായ പയ്യാവൂരിൽ പ്രവർത്തിച്ചു വരുന്ന പയ്യാവൂർ ഉല്പാദക സംഘം സങ്കരയിനം പന്നിവളർത്തലിലാണ് ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത്. പരിതസ്ഥിതിയ്ക്ക് വെല്ലുവിളികൾ ഉയർത്താതെയുള്ള സംഘാംഗങ്ങളുടെ പ്രവർത്തനം പരക്കെ പ്രശംസ പിടിച്ചുപറ്റിയിട്ടുണ്ട്.

ഹെഡ് ഓഫീസിൽ ഓണാഘോഷം ബാങ്ക് പ്രസിഡൻറ്
ശ്രീ . ഗോപി കോട്ടമുറിയ്ക്കൽ ഉദ്ഘാടനം ചെയ്യുന്നു.



വിജയവഴികൾ

കേരള ബാങ്കിന്റെ പ്രധാന പ്രവർത്തന മേഖലയായ 7 റീജിയണൽ ഓഫീസുകളെയും അതിന്റെ പരിധിയിൽ വരുന്ന ജില്ലകളുടെ പ്രവർത്തനങ്ങളെയും പരിചയപ്പെടുത്തുന്ന പംക്തി. ജില്ലയുടെ നേട്ടങ്ങൾ, സംഘങ്ങളുടെ പ്രവർത്തനങ്ങൾ തുടങ്ങി പ്രധാന വിവരങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 7 പ്രധാന റീജിയണുകൾ കണ്ണൂർ, കോഴിക്കോട്, പാലക്കാട്, തൃശ്ശൂർ, കോട്ടയം, ആലപ്പുഴ, തിരുവനന്തപുരം.

തൃശ്ശൂർ, എറണാകുളം ജില്ലകൾ ഉൾപ്പെട്ട തൃശ്ശൂർ റീജിയനും കോട്ടയം ഇടുക്കി ജില്ലകൾ ഉൾപ്പെട്ട കോട്ടയം റീജിയനുമാണ് ഈ മാസം പരിചയപ്പെടുത്തുന്നത്.

പാരമ്പര്യത്തിന്റെ പകിട്ടോടെ തൃശ്ശൂർ

നൂറ്റാണ്ടുകൾ പിന്നിട്ട ചരിത്രമുണ്ട് തൃശ്ശൂരിലെ സഹകരണ പ്രസ്ഥാനത്തിന്. സഹകരണ ബാങ്കുകളുടെ നേതൃസ്ഥാനം വഹിക്കുന്ന കേരള ബാങ്കിന് ഈ പാരമ്പര്യത്തിന്റെ കരുത്ത് എന്നും പകരം വെയ്ക്കാനാവാത്ത മൂലധനമാണ്. കാർഷിക രംഗവും വാണിജ്യ രംഗവും ഇഴചേർന്ന സമ്പദ്ഘടനയുള്ള തൃശ്ശൂരിൽ കർഷകർ, വ്യാപാരികൾ, വ്യവസായികൾ, എന്നിങ്ങനെ എല്ലാവർക്കും ആവശ്യമായ ബാങ്കിംഗ് സേവനങ്ങളും സുരക്ഷയും ഉറപ്പാക്കിയുള്ള വിപുലമായ പ്രവർത്തനമാണ് നടത്തിവരുന്നത്. 1918ൽ രൂപീകരിക്കുകയും 2018ൽ ഒരു നൂറ്റാണ്ടിന്റെ പ്രവർത്തനം പൂർത്തീകരിക്കുകയും ചെയ്ത തൃശ്ശൂർ ജില്ലാ സഹകരണ ബാങ്കാണ് കേരള ബാങ്കിൽ ലയിച്ച 14 ജില്ലാ സഹകരണ ബാങ്കുകളിൽ ഒന്ന്. എറണാകുളം,

ശ്രീ.ഗോപി കോട്ടമുറിയ്ക്കൽ
പ്രസിഡന്റ്

ശ്രീ. എം.കെ കണ്ണൻ
വൈസ് പ്രസിഡന്റ്
ഡയറക്ടർ തൃശ്ശൂർ

അഡ്വ. പുഷ്പദാസ്
ഡയറക്ടർ എറണാകുളം

അഡ്വ. മാണി വിതയത്തിൽ
മെമ്പർ,ബോർഡ് ഓഫ് മാനേജ്മെന്റ്

ശ്രീ.വി.കെ പ്രസാദ്
മെമ്പർ,ബോർഡ് ഓഫ് മാനേജ്മെന്റ്

പാലക്കാട് ജില്ലകളുമായി അതിർത്തി പങ്കിടുന്ന തൃശ്ശൂരിന് സ്വന്തമായൊരു സാംസ്ക്കാരിക തനിമയും സാമ്പത്തിക ഘടനയുമുണ്ട്. കാർഷിക-വ്യവസായിക മേഖലയിൽ സമ്മിശ്രമായ പാരമ്പര്യമാണ് തൃശ്ശൂരിന്. കോൾപാടങ്ങൾക്ക് പ്രസിദ്ധമായ തെക്കൻ മേഖലയും മലയോരങ്ങളുള്ള കിഴക്കൻ മേഖലയും തൃശ്ശൂരിനുണ്ട്. തീരദേശ പാതയും കന്യാകുമാരി-പനവേൽ ദേശീയ പാതയും ജില്ലയിലൂടെ സമാന്തരമായി കടന്ന് പോകുന്നു. ഇപ്രകാരമുള്ള കാർഷിക മേഖലയിലും മറ്റ് അടിസ്ഥാന വികസന രംഗത്തും നാടിന് മുതൽ കൂട്ടാകുന്ന ചെറുതും വലുതുമായ ഒട്ടനവധി പദ്ധതികൾക്ക് കേരള ബാങ്ക് നേരിട്ടും ജില്ലയിലെ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ മുഖേനയും വായ്പകൾ വിതരണം ചെയ്ത് വരുന്നു. തൃശ്ശൂർ ജില്ലയിൽ മാത്രമായി 3623.18 കോടി രൂപയാണ് കേരള ബാങ്ക് വിവിധ പദ്ധതികൾക്കും ആവശ്യങ്ങൾക്കുമായി വിതരണം ചെയ്തിട്ടുള്ളത്. 7335.47 കോടി രൂപയുടെ നിക്ഷേപവും തൃശ്ശൂരിൽ കേരള ബാങ്കിലുണ്ട്.

സ്വപ്ന പദ്ധതികളിൽ കേരള ബാങ്കിന്റെ കൈയ്യൊപ്പ്

കേരള ബാങ്കിന്റെ കൈയ്യൊപ്പ് പതിഞ്ഞ ഒട്ടനവധി പദ്ധതികൾകൊണ്ട് സമ്പന്നമാണ് എറണാകുളം. പേരെടുത്ത് പറഞ്ഞാൽ സംസ്ഥാനത്തിന്റെ സാമ്പത്തിക തലസ്ഥാനമായി ഉയരാൻ പാതയൊരുക്കിയ ഗോശ്രീ പാലം മുതൽ നാടിനാകെ അഭിമാനമായ കൊച്ചി മെട്രോ വരെ നീളുന്നതാണ് കേരള ബാങ്കിന്റെ ഈ കരസ്പർശം. മെട്രോ നഗരം ഇന്ന് അഭിമാനത്തോടെ തലയുയർത്തി നിൽക്കുമ്പോൾ ഈ വികസന കുതിപ്പിൽ കേരള ബാങ്കിന്റെ പങ്ക് എക്കാലവും സ്മരണീയമാണ്. ഗോശ്രീ പാലം, കളമശ്ശേരി മെഡിക്കൽ കോളേജ്, കൊച്ചി അന്താരാഷ്ട്ര വിമാന താവളം, കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് തുടങ്ങിയ വൻകിട വികസന പദ്ധതികളുടെ പ്രഥമ ധനസ്രോതസ്സായി നിലകൊണ്ട ധനകാര്യസ്ഥാപനമായിരുന്ന ഇപ്പോൾ കേരള ബാങ്കിന്റെ ഭാഗമായി മാറിയ മുൻ എറണാകുളം ജില്ലാ സഹകരണ ബാങ്ക്. നാടിന്റെ വളർച്ചയ്ക്കായി,ജനക്ഷേമത്തിനായി സഹകരണ മേഖല എപ്രകാരം ഇടപെടുന്നുവെന്ന തെളിവാണ് നമുക്ക് മുന്നിൽ എന്നും അഭിമാന സ്തംഭങ്ങളായ ഈ പദ്ധതികൾ. എറണാകുളത്തെ ദ്വീപ് സമൂഹങ്ങളെ ബന്ധിപ്പിച്ച് ഗോശ്രീ പാലം വിഭാവനം ചെയ്തപ്പോൾ അത് ജില്ലയുടെ ഭാവി വികസനത്തിൽ നാഴികല്ലാകുമെന്ന പ്രതീക്ഷയോടെ സഹകരണ മേഖലയുടെ ഇടപെടൽ ഉണ്ടായി. വികസനത്തിനായി ജനങ്ങളുടെ പണമെന്ന ഇച്ഛാശക്തിയോടെ 10 കോടി

രൂപയാണ് പാലത്തിന്റെ പ്രാരംഭ ജോലികൾക്കായി ബാങ്ക് അനുവദിക്കയുണ്ടായത്. കൊച്ചി വല്ലാർപാടം അന്താരാഷ്ട്ര കണ്ടെയ്നർ ടെർമിനൽ,പുതുവൈപ്പ് എൽ.എൻ.ജി ടെർമിനൽ എന്നീ വൻകിട പദ്ധതികളുമായി കൊച്ചി മഹാനഗരത്തെ ബന്ധിപ്പിക്കുന്ന ഏക ജീവനാഡിയാണ് ഇന്ന് ഗോശ്രീ പാലങ്ങൾ. സാധാരണക്കാർക്ക് ആശ്രയമായി സഹകരണ മേഖലയിൽ രൂപം കൊണ്ട മെഡിക്കൽ കോളേജിനായി ബാങ്ക് 75 കോടി വായ്പ നൽകുകയുണ്ടായി. കേരള കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷന് കീഴിൽ പ്രവർത്തനമാരംഭിച്ച മെഡിക്കൽ കോളേജ് ഇന്ന് പൂർണ്ണമായും സർക്കാർ ഉടമസ്ഥതയിലുള്ള ആധുനിക മെഡിക്കൽ കോളേജ് ആയി മാറി. കൊച്ചി രാജ്യാന്തര വിമാനത്താവളത്തിന് 18 കോടിയായിരുന്നു വായ്പയായി നൽകിയത്. കേരളത്തിന്റെ അടിസ്ഥാന സൗകര്യ വികസന രംഗത്ത് മാതൃക മാത്രമല്ല ലക്ഷക്കണക്കിന് വരുന്ന പ്രവാസി മലയാളികളുടെ ആശ്രയവുമാണ് ഈ വിമാനത്താവളം. കൊച്ചി മെട്രോ റെയിൽ സ്വപ്നത്തിന്റെ ട്രാക്കിൽ സഞ്ചരിക്കുമ്പോഴായിരുന്നു 470 കോടി രൂപ ബാങ്ക് വായ്പ നൽകിയത്. പദ്ധതി യാഥാർത്ഥ്യമായതോടെ ലോകോത്തര നിലവാരമുള്ള നഗരമായി എറണാകുളം മാറി. ഏഷ്യയിലെ ഏറ്റവും വലിയ സഹകരണ ബാങ്ക് എന്ന നിലയിൽ കേരളത്തിന്റെ വികസനത്തിനായുള്ള നൂതന പദ്ധതികൾക്ക് സാമ്പത്തിക പിന്തുണ ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെ കൂടുതൽ കരുത്തോടെ മുന്നോട്ട് പോവുന്ന കേരള ബാങ്കിന് ജില്ലയിൽ 10731 കോടി രൂപയുടെ നിക്ഷേപമുണ്ട്. 3453.59 കോടി രൂപയുടെ വായ്പയാണ് വിതരണം ചെയ്തിട്ടുള്ളത്.

നാട്ടുമുറ്റത്ത് നിന്ന് വിദേശത്തേക്ക്

വിദേശത്തേയ്ക്ക് നാടിന്റെ മണമുള്ള വിഭവങ്ങൾ കയറ്റി അയച്ച് വിദേശനാണ്യം കൊയ്യുന്ന കേരളത്തിലെ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ രാജ്യത്തിന് മാതൃകയാണ്. വെളിച്ചെണ്ണ, കപ്പ, ചക്ക, പൈനാപ്പിൾ, ഏത്തയ്ക്കാ....ഇങ്ങനെ നീളുകയാണ് നമ്മുടെ കയറ്റുമതി. നാട്ടിൽ സുലഭമായ, നമ്മുടെ കർഷകർ ഉൽപ്പാദിപ്പിക്കുന്ന വിഭവങ്ങളെല്ലാം മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി കയറ്റുമതിക്ക് യോഗ്യമാക്കുകയെന്ന ഉത്തരവാദിത്വമാണ് സഹകരണ സംഘങ്ങൾ നിർവ്വഹിക്കുന്നത്. അടിസ്ഥാന സൗകര്യങ്ങളായ ഭൂമി, കെട്ടിടം, ഉപകരണങ്ങൾ, യന്ത്രങ്ങൾ എന്നിവയെല്ലാം സംഘങ്ങളാണ് സജ്ജമാക്കുന്നത്. ഇതിനായി കേരള ബാങ്കിന്റെ പിന്തുണയും സംഘങ്ങൾ പ്രയോജനപ്പെടുത്തുന്നുണ്ട്. വ്യത്യസ്തമായ വിഭവങ്ങൾ നാടിന്റെ നന്മ ചോരാതെ മറുനാടൻ മലയാളികൾ ഉൾപ്പെടെയുള്ള ഉപഭോക്താക്കളെ ലക്ഷ്യമിട്ട് ഗൾഫ് രാജ്യങ്ങൾ, അമേരിക്ക, യൂറോപ്പ് എന്നിവിടങ്ങളിലേക്ക് കയറ്റി അയക്കുന്നു. ബംഗളൂരു, മുംബൈ അടക്കമുള്ള വൻ നഗരങ്ങൾക്കും പ്രിയങ്കരമാണ് ഈ വിഭവങ്ങൾ. തൃശ്ശൂർ, എറണാകുളം ജില്ലകളിൽ ഇത്തരത്തിൽ ഇടപെടുന്ന സംഘങ്ങൾ ഏവർക്കും മാതൃകയാണ്.

വിദേശത്തേക്ക് പെട്ടി നിറയെ....

വാരപ്പെട്ടിയുടെ ഉണക്കകപ്പ അങ്ങ് അമേരിക്കയിലും ഹിറ്റാണ്. വെറുതെ പറയുന്നതല്ല പ്രൊസസ്സ് ചെയ്ത 10 ടൺ കപ്പയാണ് വാരപ്പെട്ടി സർവ്വീസ് സഹകരണ ബാങ്ക് അമേരിക്കയിലേയ്ക്ക് കയറ്റി അയച്ചത്. ക്ലോസ്ഡ് ഹീറ്റ് പമ്പ് ഡീഹൈഡ്രേഷൻ സംവിധാനം പ്രയോജനപ്പെടുത്തി സംസ്ക്കരിച്ചെടുക്കുന്ന കപ്പയാണ് വാരപ്പെട്ടിയിൽ നിന്ന് കയറ്റി അയക്കുന്നത്. ഇത്തരത്തിൽ പ്ലാന്റിൽ പ്രൊസസ്സ് ചെയ്ത 500 കിലോഗ്രാം ചക്കയും കയറ്റി അയച്ചു. സാധാരണക്കാരായ കർഷകരുടെ കാർഷിക ഉൽപ്പന്നമായ കപ്പയ്ക്ക് വിലയില്ലാതെ വലഞ്ഞ ഘട്ടത്തിലാണ് വാരപ്പെട്ടി ബാങ്ക് ജെ.എൽ.ജി ഗ്രൂപ്പ് രൂപീകരിച്ച് 15 രൂപാ നിരക്കിൽ കപ്പയും 75 രൂപ നിരക്കിൽ ചക്കയും സംഭരിച്ചത്. ഇവയെല്ലാം പ്ലാന്റിൽ നിന്നും മൂല്യവർദ്ധിത ഉൽപ്പന്നമായി അമേരിക്കയിലേക്ക് പറക്കുകയായിരുന്നു. വാരപ്പെട്ടി വെളിച്ചെണ്ണ, ടാപ്പിയോക്കാ വിത്ത് മസാല, വിവിധ സോഫ്റ്റ് ഡ്രിങ്കുകൾ, വാകം ഫ്രൈഡ് ചിപ്സുകൾ, തേങ്ങാവെള്ളത്തിൽ നിന്നുള്ള വിനാഗിരി തുടങ്ങിയ ഉൽപ്പന്നങ്ങളും ബാങ്ക് പുറത്തിറക്കിയിട്ടുണ്ട്. കേരള ബാങ്കിന്റെ സഹായത്തോടെയാണ് ബാങ്ക് പ്ലാന്റിന് ആവശ്യമായ 1.30 ഏക്കർ സ്ഥലം വാങ്ങിയിട്ടുള്ളത്. ശ്രീ. എ.എസ്.ബാലകൃഷ്ണൻ ആണ് പ്രസിഡന്റ്. സെക്രട്ടറി സുനിൽ ടി.ആർ.

തൃശ്ശൂരിൽ നിന്ന് പാണഞ്ചേരി വഴി യു.കെയിലേക്ക്

പാണഞ്ചേരി സർവ്വീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ സഹോദര സ്ഥാപനമായ പീച്ചി അഗ്രി ഇൻഡസ്ട്രിയൽ പാർക്കിൽ സ്ഥിതിചെയ്യുന്ന പ്രോസസിങ് ആൻഡ് വാല്യൂ അഡിഷൻ യൂണിറ്റിൽ നിന്നുള്ള വിഭവങ്ങളുടെ രുചി ഇപ്പോൾ രാജ്യാന്തര പ്രശസ്തമാണ്. പീച്ചി മലയോരമേഖലയിലെ ഫലഭൂയിഷ്ഠമായ മണ്ണിൽ പ്രകൃതിദത്തമായ കാലാവസ്ഥയിൽ വളരുന്ന വാഴപ്പഴം, ചക്ക, മാങ്ങ, കപ്പ, വിവിധയിനം പച്ചക്കറികൾ എന്നിവയാണ് കേന്ദ്രത്തിലൂടെ മൂല്യവർദ്ധിത ഉൽപ്പന്നമായി കടൽ കടക്കുന്നത്. കർഷകരിൽ നിന്നും നേരിട്ട് സംഭരിക്കുന്ന വിഭവങ്ങൾക്കെല്ലാം കേന്ദ്രം ന്യായവില ഉറപ്പാക്കുന്നു. ചക്ക, കായ, മാങ്ങാ, കപ്പ, പച്ചക്കറികൾ എന്നിവ ഉപയോഗപ്പെടുത്തി 75 ഓളം ഉൽപ്പന്നങ്ങളാണ് ഇവിടെ ഉണ്ടാക്കുന്നത്. ബേക്കറി ഉൽപ്പന്നങ്ങൾ, സിപ്പ് അപ്പ്, ഹൽവ, വിവിധയിനം മിഠായികൾ എന്നിവ ഉണ്ടാക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളും കേന്ദ്രത്തിലുണ്ട്. പ്രോസസിങ് ആൻഡ് വാല്യൂ അഡിഷൻ മേഖലയിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാ സംരംഭങ്ങൾക്കും ഉത്പന്ന സമാഹരണം, പ്രാഥമിക സംസ്കരണം, ഉല്പന്നവൈവിധ്യവൽക്കരണം എന്നീ മേഖലകളിൽ പരിശീലനം നൽകി വരുന്നു. 2023 ഏപ്രിലാണ് കേന്ദ്രം പ്രവർത്തനം അരംഭിച്ചത്. യു.കെ, യു.എസ്.എ, ഗൾഫ് രാജ്യങ്ങൾ എന്നിവിടങ്ങളിലും മുബൈ, ഡൽഹി, ബംഗളൂരു തുടങ്ങിയ ഇന്ത്യൻ നഗരങ്ങളിലും പാണഞ്ചേരിയുടെ സംതൃപ്ത ഉപഭോക്താക്കളുണ്ട്. കാർഷിക സർവ്വകലാശാല മുൻ രജിസ്ട്രാർ ഡോ.പി.ബി പുഷ്പലതയുടെ നേതൃത്വത്തിലാണ് കേന്ദ്രം പ്രവർത്തിക്കുന്നത്. ശ്രീ. പി.പി വില്ല്യംസ് ആണ് സംഘം പ്രസിഡന്റ്. സെക്രട്ടറി ശ്രീ.എം.വി ജോളി.

കടൽകടക്കാൻ എറണാകുളത്ത് നിന്നും കാക്കൂർ

കാളവയലിന്റെ നാട്ടിൽ നിന്നും വൈവിദ്ധ്യങ്ങൾ നിറഞ്ഞ കാർഷക ഉൽപ്പന്നങ്ങൾ കടൽകടക്കുകയാ

വ്യവസായിക-കാർഷിക-വാണിജ്യ മേഖലകൾക്ക് തുല്യപ്രാധാന്യമുള്ള രണ്ട് ജില്ലകൾ ചേർന്നതാണ് തൃശ്ശൂർ റീജിയൺ. ഇവിടുത്തെ ധനപരവും ഭൂമിശാസ്ത്രപരവുമായ സവിശേഷതകൾ പരിഗണിക്കുമ്പോൾ ആവശ്യക്കാർക്കെല്ലാം വായ്പകൾ വിതരണം ചെയ്യാൻ ബാങ്കിന് കഴിയുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതുണ്ട്. നിക്ഷേപങ്ങൾ സമാഹരിക്കുന്നതിനൊപ്പം കൂടുതൽ വായ്പകൾ ബാങ്കിൽ നിന്ന് ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്ത് വരുന്നത്. റീജിയണിലെ മുഴുവൻ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുമായും കേരള ബാങ്കിന്റെ ബന്ധം ദൃഢമാക്കുന്നതിനും അവരെ പിന്തുണയ്ക്കുന്നതിനുമുള്ള പരിശ്രമങ്ങളും ഇതോടൊപ്പം തുല്യപ്രാധന്യത്തോടെ നടന്ന് വരുന്നു. തൃശ്ശൂർ ജില്ലയിൽ മാത്രം 5839 കോടി രൂപയുടെ നിക്ഷേപം സംഘങ്ങളുടേതായിട്ടുണ്ട്. എറണാകുളത്ത് ഇത് 8430 കോടിയാണ്. റീജിയണിൽ ആകെ നിക്ഷേപം 18198 കോടിയും വായ്പ അനുവദിച്ചിട്ടുള്ള സംഖ്യ 7136 കോടിയുമാണ്. 2024-25 വർഷത്തിൽ ഇവ യഥാക്രമം 20018 കോടിയും 8148 കോടിയുമായി ഉയർത്തുകയെന്ന ലക്ഷ്യമാണ് ശാഖകൾക്ക് നൽകിയിരിക്കുന്നത്. കൂടുതൽ വായ്പകൾ കണ്ടെത്തുന്നതോടൊപ്പം നാടിന്റെ എല്ലാ വികസന പദ്ധതികൾക്കും ഉറച്ച സാമ്പത്തിക പിന്തുണയും ബാങ്ക് വാഗ്ദാനം ചെയ്യുകയാണ്.

ഡോ. എൻ. അനിൽകുമാർ
റീജിയണൽ മാനേജർ, തൃശ്ശൂർ

ണിപ്പോൾ. കാക്കൂർ സർവീസ് സഹകരണ ബാങ്കിന്റെ നേതൃത്വത്തിൽ 'കാസ്കോ 163' എന്ന ബ്രാൻഡഡ് ഉൽപ്പന്നങ്ങളാണ് ഇന്ന് വിവിധ രാജ്യങ്ങളിലേക്ക് കയറ്റി അയയ്ക്കുന്നത്. കേരള ബാങ്കിന്റെ സാമ്പത്തീക സഹായത്തോടെ 70 സെന്റ് ഭൂമിയിൽ ആരംഭിച്ചിട്ടുള്ള ആധുനിക പ്ലാന്റിൽ നിന്നും റോസ്റ്റഡ് വെളിച്ചെണ്ണയും, പഴം, പച്ചക്കറികൾ എന്നിവ സാങ്കേതിക സഹായത്തോടെ ഉണക്കി നിർമ്മിച്ച മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും വിദേശ വിപണി ലക്ഷ്യമിടുകയാണ്. ഇവിടെ ഉൽപ്പാദിപ്പിച്ച 25 ടൺ ഫ്രോസൺ ടാപ്പിയോക്കയാണ് ഗൾഫ് രാജ്യങ്ങളിലേക്ക് കയറ്റി അയയ്ക്കുകയുണ്ടായത്. ഹീറ്റ് പമ്പ് ഡ്രൈ എന്ന സാങ്കേതിക വിദ്യ ഉപയോഗിച്ചാണ് പഴം, പച്ചക്കറി എന്നിവ ഉണക്കിയെടുക്കുന്നത്. 25 ഇനം ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങൾ സെയിൽ ഔട്ട്ലെറ്റ് വഴി വിറ്റഴിക്കുന്നുണ്ട്. പാഷൻ ഫ്രൂട്ട്, പൈനാപ്പിൾ, ചക്കപ്പഴം, ഏത്തപ്പഴം എന്നിവ പൾപ്പാക്കി -40 ഡിഗ്രി തണുപ്പിൽ സൂക്ഷിക്കാൻ സംവിധാനമൊരുക്കിയിട്ടുണ്ട്. ഇത്തരത്തിൽ 1000 കിലോഗ്രാം വരെ സൂക്ഷിക്കാൻ കഴിയും. -18 ഡിഗ്രിയിൽ 30 ടൺ വരെ സൂക്ഷിക്കാനും പ്ലാന്റിൽ സാധ്യമാണ്. 1000 കിലോഗ്രാം വരെ ശേഷിയുള്ള ഡീഹൈഡ്രേഷൻ ഡ്രൈയർ ആണ് പ്ലന്റിൽ പ്രവർത്തിക്കുന്നത്. ശ്രീ.അനിൽ ചെറിയാനാണ് പ്രസിഡന്റ്. സെക്രട്ടറി

ഇൻ ചാർജ്ജ് ശ്രീ. പ്രദീപ് കൃഷ്ണൻ.

കഴിഞ്ഞ സാമ്പത്തിക വർഷത്തേക്കാൾ എൻ.പി.എ 25 ശതമാനം കുറച്ച് ബാങ്കിന്റെ പ്രസിഡൻഷ്യൽ ക്ലബിൽ അംഗത്വമെന്ന നേട്ടം കൈവരിച്ച 16 ശാഖകൾ തൃശ്ശൂർ റീജിയണിൽ ഉണ്ട്.

ശ്രീലത. പി
DGM " CPC തൃശ്ശൂർ

സുപ്രിയ.റ്റി.എസ്
DGM CPC എറണാകുളം

കേരള ബാങ്കിലൂടെ ഒരു ധവളവിപ്ലവം

മികച്ച ക്ഷീരകർഷകർക്ക് കൈതാങ്ങാവാൻ കേരള ബാങ്കിന് കഴിയുമെന്ന് തെളിയിക്കുകയാണ് എറണാകുളം ജില്ലയിലെ ഇലഞ്ഞി ബ്രാഞ്ച്. കേരള ബാങ്ക് രൂപം കൊണ്ട സമയത്ത് ഇലഞ്ഞി ബ്രാഞ്ചിൽ നിന്ന് അനുവദിച്ച കാർഷിക വായ്പയാണ് ക്ഷീരകർഷകനായ പെരുവ കുന്നപ്പിള്ളി പുറക്കരി വീട്ടിൽ ശ്രീ.ജോസഫ് സെബാസ്റ്റിയന് വഴിതിരിവായത്. 40 ലേറെ പശുക്കളുള്ള ശ്രീ.ജോസഫിന്റെ ഹൈടെക്ക് ഫാം ഇന്ന് ഈ ജില്ലയിലെ തന്നെ ഏറ്റവും മികച്ച ഫാമുകളിലൊന്നാണ്. ഒന്നര ഏക്കറോളം ഭൂമി ഈട് വച്ച് എടുത്ത വായ്പയുടെ പകുതിയിലധികം ഫാമിൽ നിന്ന് ലഭ്യമാകുന്ന വരുമാനത്തിൽ നിന്നും തിരിച്ചടച്ച് കഴിഞ്ഞു. കൃത്യമായി വായ്പ തിരിച്ചടക്കുന്നതിലും ഏവർക്കും മാതൃകയാണ് ഈ ക്ഷീരകർഷകൻ. പാൽ അളന്ന് നൽകുന്ന ക്ഷീരസംഘത്തിൽ നിന്നും മാസാമാസം ബാങ്കിലേക്ക് മാസതവണകൾ മുടങ്ങാതെ കൈമാറും. കേരള ബാങ്കിന്റെ കെ.ബി പ്രൈം പ്ലസ് മൊബൈൽ ബാങ്കിംഗ് ആപ്പിലൂടെയാണ് സഹകരണ സംഘങ്ങളുമായുള്ള ബാങ്കിംഗ് നെറ്റ്വർക്ക് സാധ്യമാക്കിയിട്ടുള്ളത്.

തയ്യാറാക്കിയത്. അഭിജിത്ത് റ്റി. PRO എറണാകുളം

കോട്ടയം റീജിയൻ

അക്ഷരമുറ്റത്തെ കേരള ബാങ്ക്

അക്ഷരനഗരിയുടെ ഹൃദയഭാഗത്ത് തലയുയർത്തി നില്ക്കുന്ന കേരള ബാങ്കിന്റെ കോട്ടയം റീജിയണൽ ഓഫീസ്- ബാങ്കിന്റെ കോട്ടയം, ഇടുക്കി ജില്ലകളിലെ 113 ശാഖകളുടെ ഭരണ കേന്ദ്രമായി പ്രവർത്തിച്ചു വരുന്നു. കോട്ടയം ജില്ലയിലെ 58 ശാഖകളെയും ഇടുക്കി ജില്ലയിലെ 55 ശാഖകളെയും എണ്ണയിട്ട യന്ത്രം പോലെ ഓജസും തേജസും നല്കി പ്രവർത്തിപ്പിക്കുന്നതിന് നേതൃത്വപരമായ പങ്കു വഹിച്ചു വരുന്നത് കോട്ടയം, ഇടുക്കി ജില്ലകളുടെ പ്രതിനിധികളായ ഡയറക്ടർമാർ (ശ്രീ. ഫിലിപ് കുഴികുളം (കോട്ടയം) സാറും ശ്രീ. കെ.വി. ശശി(ഇടുക്കി) സാറുമാണ്. ബാങ്കിന്റെ റീജിയണൽ ജനറൽ മാനേജർ ശ്രീമതി. ലതാ പിള്ള മാഡം, കോട്ടയം സിപിസിയുടെ ഡെപ്യൂട്ടി ജനറൽ മാനേജർ ശ്രീ. ടി.പി. ജോസഫ് സാർ, ഇടുക്കി സിപിസിയുടെ ഡെപ്യൂട്ടി ജനറൽ മാനേജർ ശ്രീ. തോമസ് ജോൺ സാർ എന്നിവർ ജീവന

ക്കാർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നല്കി രണ്ട് സിപിസികളെയും നല്ല രീതിയിൽ നയിച്ചു വരുന്നു.

ബാങ്കിന്റെ റീജിയണൽ ഓഫീസ് മന്ദിരത്തിൽ രണ്ടു ശാഖകളാണ് പ്രവർത്തിച്ചു വരുന്നത്. കോട്ടയം ജില്ലാ ബാങ്ക്: എന്ന നിലയിൽ പ്രവർത്തിച്ചു തുടങ്ങിയ ബാങ്കിന്റെ കോട്ടയം മെയിൻ ശാഖയ്ക്ക് ബാങ്കിന്റെ ചരിത്രത്തോളംതന്നെ പഴക്കമുണ്ട്. കൂടാതെ രാവിലെ എട്ടു മണി മുതൽ വൈകിട്ട് 8 മണി വരെ പ്രവർത്തിക്കുന്ന പ്രഭാത സായാഹ്ന ശാഖ നഗരത്തിലെ കച്ചവടക്കാരുടെയും കൂടാതെ നഗരപ്രാന്തത്തിൽ താമസമാക്കിയിട്ടുള്ള സാധാരണക്കാരുടെയും ജീവിതാവശ്യങ്ങൾക്ക് ആവശ്യമായ സഹായങ്ങൾ ചെയ്ത് വായ്പ നല്കിയും നിക്ഷേപം സ്വീകരിച്ചും നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നു. വനിതാ ജീവനക്കാരെ മാത്രം ഉൾപ്പെടുത്തി പ്രവർത്തിക്കുന്ന ലേഡീസ് ബ്രാഞ്ച്, ലോക ഭൂപടത്തിൽ വ്യാപാര ചരിത്രം അടയാളപ്പെടുത്തപ്പെട്ട താഴത്തങ്ങാടിയിൽ പ്രവർത്തിച്ചു വരുന്ന താഴത്തങ്ങാടി ശാഖ, പടിഞ്ഞാറൻ മേഖലയിലെ സാധാരണക്കാരുടെ ജീവിതാവശ്യങ്ങൾക്കുവേണ്ടി ബാങ്കിന്റെ ആരംഭകാലം മുതൽ പ്രവർത്തിക്കുന്ന തിരുവാതുക്കൽ ശാഖ, പട്ടണവാസികളായ ഉദ്യോഗസ്ഥരുടെയും, കച്ചവടക്കാരുടെയും ആവശ്യങ്ങൾ കണ്ടറിഞ്ഞ് പ്രവർത്തിക്കുന്ന കഞ്ഞിക്കുഴി ശാഖ..എന്നിങ്ങനെ റീജിയണൽ ഓഫീസിനു ചുറ്റുമായി 6 ശാഖകളും ഗ്രാമീണ മേഖലയിൽ പാക്കിൽ, മണർകാട്, അയർക്കുന്നം, അതിരമ്പുഴ, കുടയംപടി ശാഖകളും കോട്ടയം മെഡിക്കൽ കോളേജിലെ ജീവനക്കാർക്കും ഡോക്ടർമാർക്കും മെഡിക്കൽ വിദ്യാർത്ഥികൾക്കും കൂടാതെ സമീപ പഞ്ചായത്തുകളിലെ സാധാരണക്കാർക്ക് ഉപകാരപ്രദമായ രീതിയിൽ പ്രവർത്തിക്കുന്ന

ശ്രീ. കെ.ജെ. ഫിലിപ്പ് കുഴികുളം
ഡയറക്ടർ കോട്ടയം



ശ്രീ. കെ.വി. ശശി
ഡയറക്ടർ ഇടുക്കി

ഗാന്ധിനഗർ ശാഖയുടെ നിയന്ത്രണത്തിലാണ് ബാങ്കിന്റെ മൊബൈൽ എറ്റിഎം. കോട്ടയം മെഡിക്കൽ കോളേജിൽ വരുന്ന രോഗികളുടെ സാമ്പത്തിക ആവശ്യങ്ങൾക്ക് സഹായകരമായ രീതിയിൽ ബാങ്കിന്റെ മൊബൈൽ എ.റ്റി.എം മെഡിക്കൽ കോളേജ് കേന്ദ്രീകരിച്ച് നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നു. കക്കയും കരിമീനും കായലും കൃഷിയും കാർഷിക മേഖലയും ജീവനോപാധിയാക്കിയ തീർത്തും സാധാരണക്കാരായ ജനങ്ങൾ തിങ്ങിപ്പാർക്കുന്ന, ടൂറിസത്തിലൂടെ ലോകപ്രശസ്തമായ കുമരകത്തിന്റെ കാർഷികാവശ്യങ്ങൾ നിർവ്വഹിക്കുന്നതിൽ സുപ്രധാന പങ്കുവഹിച്ചുകൊണ്ടാണ് കുമരകം ശാഖ പ്രവർത്തിച്ചു വരുന്നത്. റീജിയണിന്റെ തെക്കു കിഴക്കായി വ്യാപിച്ചു കിടക്കുന്ന ചങ്ങനാശ്ശേരി പുരാതന കാലം മുതൽ വാണിജ്യകേന്ദ്രം എന്ന നിലയിൽ ഖ്യാതി നേടിയ ഒരു ചെറു പട്ടണമാണ്. പട്ടണത്തിന്റെ പ്രതാപം ഇന്നും നിലനിർത്തുന്ന ചങ്ങനാശേരി ജുമാ മസ്ജിദ് മനുഷ്യ സാഹോദര്യം ഊട്ടിയുറപ്പിക്കുന്നതിൽ കൃത്യമായ ഇടപെടലുകൾ നടത്തിപ്പോരുന്നു. ചങ്ങനാശേരി ജുമാ മസ്ജിസിദിന്റെ കീഴിലുള്ള മന്ദിരത്തിലാണ് ബാങ്കിന്റെ ചങ്ങനാശേരി മെയിൻ ശാഖ പ്രവർത്തിച്ചു വരുന്നത്. കൂടാതെ നഗരത്തിലെ ചെറുകിടക്കാരുടെയും സാധാരണക്കാരുടെയും ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ചങ്ങനാശേരി പ്രഭാത സായാഹ്ന ശാഖ പ്രവർത്തിച്ചു വരുന്നു. അതോടൊപ്പം വാകത്താനം, കുറുകച്ചാൽ, പത്തനാട്, പെരുമ്പനച്ചി, കുറിച്ചി, ചാമംപതാൽ, പായിപ്പാട്, പുതുപ്പള്ളി ശാഖകൾ ഗ്രാമീണ മേഖലയിൽ നല്ല നിലയിൽ പ്രവർത്തിച്ചു വരുന്നു. കോട്ടയം ആർ.ഒ.യ്ക്ക് അഭിമാനമായി പായിപ്പാട് ശാഖ "മൈറ്റി മെയ്" കാമ്പയിനിൽ സിഇഒയുടെ പ്രത്യേക പരാമർശം നേടി.

തെക്കുംകൂർ രാജവംശം - നാട്ടുരാജ്യത്തിന്റെ കാലം മുതൽ പ്രശസ്തമാണ്. ലോകോത്തര നിലവാരം പുലർത്തുന്ന റബ്ബർ ഉല്പാദിപ്പിക്കുന്ന പ്രദേശം എന്ന നിലയിൽ കാഞ്ഞിരപ്പള്ളിയിലെ റബ്ബർ പേരുകേട്ടതാണ്. നിരവധി റബ്ബർ എസ്റ്റേറ്റുകൾ ഈ പ്രദേശത്തുണ്ട്. റബ്ബർ പ്രധാന വരുമാന സ്രോതസ്സായ കാഞ്ഞിരപ്പള്ളിയിൽ ബാങ്കിന് കാഞ്ഞിരപ്പള്ളി മെയിൻ, കാഞ്ഞിരപ്പള്ളി ഈവനിംഗ് ശാഖകൾ പട്ടണം കേന്ദ്രമാക്കിയും റബ്ബറും, കാപ്പിയും ഏലവും ഉൾപ്പെടെയുള്ള മലഞ്ചരക്കുകളുടെ കൃഷിയും കാർഷിക വൃത്തിയും ഉപജീവനമാക്കിയ സാധാരണക്കാരായ കർഷകരുടെ കൃഷി ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിന് സഹായകരമായി മുണ്ടക്കയം മെയിൻ, ഈവനിംഗ്, ചോറ്റി, പൊൻകുന്നം, പാമ്പാടി, പള്ളിക്ക

കേരളത്തിലെ മനോഹരമായ രണ്ട് ജില്ലകളായ കോട്ടയവും ഇടുക്കിയും പ്രകൃതി സൗന്ദര്യത്തിന് മാത്രമല്ല, ശക്തമായ സാമ്പത്തിക അടിത്തറയ്ക്കും പേരുകേട്ടതാണ്. ഈ രണ്ട് ജില്ലകളിലുമായി 113 ശാഖകളുള്ള കേരള ബാങ്ക് നാടിന്റെ സാമ്പത്തിക വളർച്ചയ്ക്കും ബാങ്കിംഗ് സേവനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിലും നിർണായകമായ പങ്ക് വഹിക്കുന്നു.

കർഷകർക്കുള്ള കാർഷിക വായ്പകൾ മുതൽ സാങ്കേതിക വിദഗ്ധരായ ഉപഭോക്താക്കൾക്കുള്ള ആധുനിക ഡിജിറ്റൽ ബാങ്കിംഗ് സേവനങ്ങൾ വരെ ഓരോ ഉപഭോക്താവിനും, നഗര കേന്ദ്രങ്ങളിലോ ഗ്രാമങ്ങളിലോ ആകട്ടെ, കേരള ബാങ്കിൽ നിന്ന് ലഭ്യമാണെന്ന് ഉറപ്പാക്കുന്നു. അതുപോലെ പരാതി പരിഹാര സെല്ലും കാര്യക്ഷമമായി ഇവിടെ പ്രവർത്തിക്കുന്നു.

കൃഷി, ടൂറിസം, ചെറുകിട വ്യവസായങ്ങൾ എന്നിവയെ വളരെയധികം ആശ്രയിക്കുന്ന ജില്ലകളാണ് കോട്ടയവും ഇടുക്കിയും. മൈക്രോഫിനാൻസ്, എസ്എംഇ വായ്പകൾ, സുസ്ഥിര ബാങ്കിംഗ് സംരംഭങ്ങൾ എന്നിവയുൾപ്പെടെ വിവിധ സാമ്പത്തിക ഉൽപന്നങ്ങളിലൂടെയും സേവനങ്ങളിലൂടെയും പ്രാദേശിക സമൂഹങ്ങളെ ശാക്തീകരിക്കുന്നതിൽ ശക്തമായ ശ്രദ്ധ കേന്ദ്രീകരിച്ചാണ് 2 ജില്ലയിലും ബാങ്കിന്റെ സാന്നിധ്യം അടയാളപ്പെടുത്തുന്നത്.

നവീകരണം, ഉപഭോക്തൃ സംതൃപ്തി, സമൂഹത്തിന്റെ വികസനം എന്നിവയോടുള്ള ബാങ്കിന്റെ പ്രതിബദ്ധത ഞങ്ങളുടെ സേവനങ്ങൾ തുടർച്ചയായി മെച്ചപ്പെടുത്തുന്നതിനും ഈ പ്രദേശങ്ങളുടെ അഭിവൃദ്ധിയിലേക്ക് സംഭാവന ചെയ്യുന്നതിനും പ്രേരിപ്പിക്കുന്നു.

ലതാപിള്ള
റീജിയണൽ മാനേജർ, കോട്ടയം

ത്തോട്, ഏന്തയാർ, കരിക്കാട്ടൂർ എന്നീ ശാഖകളും അയ്യനും വാവരും ചേർന്ന് മതസാഹോദര്യത്തിന്റെ ഊഷ്മളത കേരള ജനതയ്ക്ക് കാട്ടിത്തന്ന, ശബരിമല അതിരിടുന്ന പ്രശസ്തമായ എരുമേലിയിൽ സ്ഥിതിചെയ്യുന്ന എരുമേലി ശാഖ ബാങ്കിന്റെ അഭിമാനമായി പ്രവർത്തിക്കുന്നു. മഞ്ഞണിഞ്ഞ തണുത്ത താഴ്വരകളും പച്ചപുതച്ച മലനിരകളെ മുട്ടിയുരുമ്മി നില്ക്കുന്ന നീലാകാശവും നഗരപാതയ്ക്കരികിലൂടെ ഒഴുകുന്ന സുന്ദരിയായ മീനച്ചിലാറും ഒക്കെ ചേർന്ന വശ്യസുന്ദരമായ കാഴ്ചകൾ നല്കുന്ന റീജിയണിന്റെ കിഴക്കൻ മേഖല. പ്രശസ്തമായ വിദ്യാഭ്യാസ ക്രേന്ദ്രമായി മാറിക്കൊണ്ടിരിക്കുന്ന പാലായുടെ ഹൃദയഭാഗത്ത് പാലാ മെയിൻ, പാലാ ടൺ ശാഖകൾ പ്രവർത്തിക്കുന്നു. വിശുദ്ധ അൽഫോൻസാമ്മയുടെ ജീവിതംകൊണ്ട് ധന്യമായ ഭരണങ്ങാനം പള്ളിയുടെ കീഴിലുള്ള മന്ദിരത്തിലാണ് ഭരണങ്ങാനം ശാഖ പ്രവർത്തിക്കുന്നത്. രാമലക്ഷ്മണന്മാരുടെ പാദസ്പർശംകൊണ്ട് പവിത്രമായ രാമപുരം ഗ്രാമത്തിൽ പ്രവർത്തിക്കുന്ന രാമപുരം ശാഖയും ഇരാറ്റുപേട്ട മെയിൻ, ഈവനിംഗ് ശാഖകളും, ഉഴവൂർ, കടപ്ലാമറ്റം, കുറവിലങ്ങാട്, പൈക, തിടനാട്, കൊല്ലപ്പള്ളി എന്നീ ശാഖകൾ ഗ്രാമീണ മേഖലയിൽ ശക്തമായ സാന്നിദ്ധ്യമായി സാധാരണക്കാരുടെ വായ്പാ വായ്പേതര ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നു. വൈക്കം കായൽ

കിന്നാരം പറയുന്ന റീജിയണിന്റെ പടിഞ്ഞാറൻ മേഖലയായ വൈക്കം നിരവധി സമരങ്ങൾക്ക് സാക്ഷ്യം വഹിച്ചിട്ടുള്ളത് ചരിത്രം. പ്രശസ്ത മായ വൈക്കം സത്യാഗ്രഹ സ്മാരക മണ്ഡപത്തിനടുത്തായി നിലകൊള്ളു ന്ന വൈക്കം മെയിൻ, മോർണിംഗ് & ഈവനിംഗ് ശാഖകൾ. ഊഷ്മ ളമായ ഹൃദയബന്ധം മനസ്സിൽ പേറുന്ന തീർത്ഥം സാധാരണക്കാ രായ ജനങ്ങൾ ഒത്തൊരുമയോടെ ജീവിക്കുന്ന വൈക്കത്തിന്റെ പ്രാന്ത പ്രദേശങ്ങളിൽ തലയോലപ്പറമ്പ്, കടുത്തുരുത്തി, കുറുപ്പന്തറ, ഞീഴൂർ, കല്ലറ, ചെമ്പ്, അംബികാ മാർക്കറ്റ്, പെരുവ എന്നീ ശാഖകൾ സാധാ രണക്കാരുടെ ജീവിതാവശ്യങ്ങൾ ഏറ്റെടുത്ത് നിർവ്വഹിക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നു. റീജിയ ണിന്റെ കീഴിലുള്ള അഞ്ചു താലൂക്ക കളിൽ ഏറ്റവും കുറവ് എൻപിഎ ഉള്ളത് വൈക്കം താലൂക്കിലാണ് എന്നത് എടുത്തുപറയേണ്ട വസ്തു തയാണ്. പ്രശസ്തമായ ഏറ്റുമാനൂർ ക്ഷേത്രത്തിന്റെ സമീപത്തായി ഏറ്റുമാനൂർ മെയിൻ ശാഖയും തൊ ട്ടടുത്തുതന്നെ ഏറ്റുമാനൂർ സായാഹ്ന ശാഖയും പ്രവർത്തിച്ചു വരുന്നു.

ജില്ലയിലുടനീളം അഞ്ച് താലൂ ക്കുകളിലായി നിറഞ്ഞുനിന്ന് സാധാരണക്കാരുടെ ബാങ്കായി ബാങ്കിന്റെ കോട്ടയം സിപിസി പ്ര വർത്തിച്ചുവരുന്നു.

ഇടുക്കി സിപിസി

കേരളത്തിലെ ഏറ്റവും പ്രകൃതിര മണീയമായ ജില്ലയാണ് ഇടുക്കി. കുറവൻ മലയും കുറത്തിമലയും ചേർന്ന് ലോകത്തിലെ തന്നെ ഏറ്റവും വലിയ ജലസംഭരണിയായ ഇടുക്കിഡാം നിർമ്മിക്കപ്പെട്ടപ്പോൾ അത് കേരള ജനതയ്ക്കു വെള്ളിവെ ളിച്ചം സംഭാവന ചെയ്തു. ജില്ലയിലെ കാർഷികാവശ്യങ്ങൾക്ക് പള്ളി

ശ്രീ. റ്റി. പി ജോസഫ്
DGM. CPC കോട്ടയം

ശ്രീ തോമസ് ജോൺ
DGM CPC ഇടുക്കി

വാസൽ ഡാം നിർമ്മിക്കപ്പെട്ടു. ആകാശംതൊട്ടു നില്ക്കുന്ന മലനിരക ളും മഞ്ഞും മേഘവും തൊട്ടുനില്ക്കുന്ന സുന്ദര ദൃശ്യങ്ങളും, തേയിലത്തോട്ട ങ്ങൾക്കിടയിലൂടെയുള്ള വഴിത്താര കളും പാതയോരങ്ങൾക്ക് ചാരുത പകർന്ന് പൂത്തുലഞ്ഞ ഗുൽമോഹർ മരങ്ങളും, ഇലകളും പൂക്കളും ഇട യ്ക്കിടെ കാണുന്ന വെള്ളച്ചാട്ടങ്ങളും ഒക്കെ ചേർന്ന് പ്രകൃതി സുന്ദരിയാ ക്കിയ ജില്ലയാണ് ഇടുക്കി. കൃഷിയും അനുബന്ധ തൊഴിലുകളുമാണ് പ്ര ദേശവാസികളുടെ ജീവനോപാധി. തമിഴ് മക്കളും കുടിയേറ്റ കർഷകനും ചേർന്ന് മണ്ണ് പൊന്നാക്കിയ- മണ്ണി ന്റെ മണമുള്ള മനുഷ്യൻ, എല്ലുമുറി യെ പണിയെടുത്തു ജീവിക്കുന്ന ഭൂപ്ര ദേശം.

സിപിസിയുടെ തൊടുപുഴ (A) മേഖലയിൽ കാഞ്ഞാർ, കരിമ ണ്ണൂർ, മുട്ടം, നെയ്യശ്ശേരി, തൊടുപുഴ മെയിൻ, തൊടുപുഴ എം. &ഇ, ഉടു മ്പന്നൂർ, വെള്ളിയാമറ്റം ശാഖകൾ പ്രവർത്തിച്ചു വരുന്നു. തൊടുപുഴ (B) മേഖലയിൽ കാളിയാർ, കരിങ്കു ന്നം, മങ്ങാട്ടുകവല, പട്ടയംകവല, തൊടുപുഴ ടൌൺ, വഴിത്തല, വെ ങ്ങല്ലൂർ, വെസ്റ്റ് കോടിക്കുളം എന്നീ ശാഖകൾ സ്ഥിതിചെയ്യുന്നു.

രാജാക്കാട് മേഖലയിൽ ചെമ്മ ണ്ണാർ, കമ്പിളികണ്ടം, പൂപ്പാറ, രാ ജാക്കാട്, രാജകുമാരി, ശാന്തൻപാറ എന്നിങ്ങനെ ഏലം കൃഷിക്ക് വി ഖ്യാതമായ സ്ഥലങ്ങളിൽ ബാങ്കിന് ശാഖകളുണ്ട്.

കേരളത്തിലെ കാശ്മീരായ മൂന്നാ റിലെ രണ്ടു ശാഖകളും മാങ്കുളം, മറയൂർ എന്നീ ടൂറിസം മേഖലക ളിലെ ശാഖകളും കൂടാതെ ഇരുമ്പു പാലത്തും, കുഞ്ചിത്തണ്ണിയിലുമുള്ള ശാഖകളും കൃഷി ജീവനോപാധി യായ, മുല്ലപ്പൂവും കനകാംബരപ്പൂക്ക ളും വരമഞ്ഞളും മാദകഗന്ധം പൊ ഴിക്കുന്ന, തമിഴ്മക്കൾ ജീവിതം വിരിയിക്കുന്ന വട്ടവടയും ചേർന്നതാ ണ് മൂന്നാർ മേഖല.

കഞ്ഞിക്കുഴി ഏരിയയിലാണ് അടിമാലിയിലെ രണ്ടു ശാഖകളും, ഇടുക്കി, കഞ്ഞിക്കുഴി, മുരിക്കാശ്ശേ രി, വാഴത്തോപ്പ് ശാഖകളും പ്രവർ ത്തിക്കുന്നു.

ഏലപ്പാറ മേഖലയിൽ എലപ്പാറയും കുട്ടിക്കാനവും ലബ്ബക്കടയും മുണ്ടക്ക യം ഈസ്റ്റും ഉപ്പുതറയും വണ്ടിപ്പെ രിയാറും ശാഖകൾ പ്രവർത്തിച്ചു വരുന്നു.

അണക്കരയും കുമളിയിലെ രണ്ട് ശാഖകളും നെടുങ്കണ്ടത്തെ രണ്ട് ശാഖകളും വണ്ടൻമേടും മുണ്ടിയെരു മയും ഉൾപ്പെടുന്നു.

കട്ടപ്പന മേഖലയിൽ കട്ടപ്പനയിലെ 3 ശാഖകളും തങ്കമണിയും തോപ്രാം കുടിയും ബെഥേലും ചെറുതോണി യും ഉൾപ്പെടുന്നു.

തയ്യാറാക്കിയത്: ജയ്കുർ റ്റി.എസ്. PRO കോട്ടയം

QUIZ TIME

PUZZLE

Fill in the answers in the boxes given below. After filling all the boxes, when summed horizontally or vertically, the total will be the same (These questions pertain to compliance required under Income Tax Act Section 194 and PMLA Act, by the scheduled banks).

Sl No.	A	B	C	D	Total (A to D)
1					
2					
3					
4					
Total (1 to 4)					--

A- Downwards

1. By what date should the TDS collected for that month be remitted to the government in the subsequent month?
2. As per Income Tax Section 194A, what percentage of TDS should be collected on bank Fixed deposits?
3. In the absence of PAN, what percentage of TDS should be collected?
4. On exceeding what amount of Interest on Fixed deposits, the bank is required to deduct TDS from a normal citizen? (To be written in 10,000's)

B - Downwards

1. What percentage of TDS should be collected under Section 194C from Individual contractors?
2. What is the TDS percentage for rent according to Section 194I?
3. If the legal fees to be paid to a Lawyer exceed the limit under Section 194J, what percentage of TDS needs to be collected?
4. If the PAN is not linked with Aadhaar and become inoperative, what will be the TDS rate?

C - Downwards

1. How many digits are there in the Unique Identification Number (UIDN) for 15G/15H?
2. PAN number is constituted by how many digits/ alphabets?
3. If a PAN holder does not file his Income tax return and withdraw an amount exceeding 1 Crore in cash, what percentage of TDS should be collected on the amount exceeding 1 Crore, under Section 194N?
4. What percentage of TDS should a banking company collect on deposits from an Urban bank that has a banking license?

D - Downwards

1. According to the PMLA Act, within how many days from the occurrence of suspicious activity should a suspicious transaction report (STR) be reported under adhoc return?
2. If a senior citizen with a PAN does not submit Form 15H and receives interest of 110,000 from an FD and 20,000 from a savings bank, how much TDS should be collected? (To be written in 1000's)
3. If a PAN holder, who has not filed an income tax return, withdraws 23 lakhs in cash from a scheduled bank, how much TDS should be collected under Section 194N? (To be written in 1000's)
4. How much TDS should be collected under Section 194N, for a PAN holder withdrawing 1 Crore and 2 lakhs in cash, from a bank (who has not submitted his Income tax return)? (To be written in 10,000's)

Answer:

Sl No.	A	B	C	D	Total (A to D)
1	7	1	26	7	41
2	10	10	10	11	41
3	20	10	5	6	41
4	4	20	0	17	41
Total (1 to 4)	41	41	41	41	--

RBI' S BI MONTHLY MONETARY POLICY STATEMENT AUGUST2024

The Monetary Policy Committee (MPC) of the RBI met from August 6 to August 8 and took the following decisions:

1. Keep the policy repo rate under the liquidity adjustment facility (LAF) unchanged at 6.50 percent
2. Consequently, the standing deposit facility (SDF) rate remains unchanged at 6.25 percent and the marginal standing facility (MSF) rate and the Bank Rate at 6.75 percent.
3. To remain focused on withdrawal of accommodation to ensure that inflation progressively aligns to the target, while supporting growth

The above decisions were taken on the basis of the assessment of the current and evolving macro-economic situation.

RBI has also come up with some big updates, which can have impact on our finances:

1. **You can authorize someone else to make UPI payments from your Bank account.**

   The RBI proposed introducing a new feature falled "Delegated Payments" for UPI. This allows a primary user to authorize a secondary user to make UPI payments using your bank account. Limits can be set for these transactions. That way the secondary user doesn't need to maintain a separate bank account linked to UPI. So, this can be a convenient way to manage digital payments within families, making it easier and safer for all. This will be useful for children to make payment of school or college fees using the

account of their parents.

2. **Cheques are to be cleared within a few hours.**

   As of now, Cheque Trancation System (CTS) takes upto 2 says to process cheques. CTS is a process whereby cheques are cleared electronically instead of physically moving the cheques from one bank to another and one centre to another. Cheques are scanned and its images are transmitted digitally under CTS process. RBI has now announced measures to ensure continuous clearing of cheques under CTS. Once implemented, cheques would be cleared within hours of submission instead of 2 days required now.

3. **Public Database to spot Illegal Lending Apps.**

   There are many unethical digital lending apps in the market who claim they are regulated by the RBI. These Apps cause many problems including data privacy issues, charging of high interest rates and unfair recovery practices for getting their money back. RBI has proposed a solution for this. The RBI will create a public repository of verified digital lending apps (DLAs) associated with RBI regulated entities. All regulated entities will report their Apps to this public repository, which will be available on RBI's website. It will be updated regularly as new apps are added or old ones are removed.

4. **Increase in UPI limit for Tax Payment.**

   UPI is the most popular payment mechanism since it is very easy to use. As of now, we can transfer upto Rs 1 lakh at a time through UPI. Based on the various use cases, RBI has periodically reviewed and enhanced the limits. Enhanced limits are available for payments for buying stocks, IPOs, loan collections, insurance, medical education payments etc. Now, RBI has extended this facility for Tax Payments also. For Tax payments, the limit has been enhanced from Rs 1 lakh to Rs 5 lakhs per transaction.

5. Frequency of reporting of Credit Information to Credit Information Companies (CICs)

Availability of accurate credit information is vital for both lenders and borrowers. As of now, lenders are required to report credit information to Credit Information Companies on a monthly basis or such shorter intervals as may be agreed between the lenders and the CICs. It is proposed to increase the frequency of reporting of credit information to a fortnightly basis or at shorter intervals. Consequently, borrowers will benefit from faster updation of their credit information, especially when they repay their loans. The lenders, on their part will be able to make better risk assessment of their borrowers.

LEGALLY SPEAKING

PUSHKARAKSHAN V P
Chief Legal Officer

We have been receiving many queries over phone on the procedural formalities with respect to the recovery proceedings initiated under SARFAESI Act, 2002. Based on the above, we have prepared the following FAQ for the benefit of the Authorised Officers of the Bank.

FAQ on SARFAESI Proceedings

1. **What are procedures to be followed while issuing notice u/s 13(2) ?**

   As per Rule 3 of the Security Interest (Enforcement) Rule, by delivering (including hand delivery) or transmitting, addressed to the borrower or his agent empowered to accept the service, by registered post with A/D or by speed post or by courier or by any other means for transmission of documents like fax message or electronic mail service. Take care to preserve the proof of service of Notice.

2. **What is the procedure to be followed in case the borrower evades service of notice u/s 13(2) ?**

   In case the borrower evades service Of 13(2) notice or the notice is returned unserved, the service shall be effected by affixing a copy of the notice on the outer door or some other conspicuous part of the house or building in which the borrower ordinarily resides or carries on business or personally works for gain and also by publishing the contents of the notice in two leading newspapers, one in vernacular language having sufficient circulation in the locality.

3. **Is the Authorised officer bound to consider the representation/ objection raised by the borrower/guarantor on notice u/s 13(2) ?**

   As per Rule 3A(c) Security Interest (Enforcement) Rules, the Authorised officer is bound to give a proper reply in writing within 15 days after considering the representation/ objections on merit.

4. **If on examining the representation/objection raised by the borrower, the secured creditor find any mistake in the 13(2) notice, how can it be rectified?**

   As per Rule 3A (b) Security Interest (Enforcement) Rules, a revised notice u/s 13(2) can be issued with the required modifications, within 15 days from the date of receipt of the representation or objection.

5. **How to proceed with the recovery in the event of the death of the borrower/ mortgagor?**

   The procedures to be followed in different scenarios are as given below:

   (i) In the event of death of the borrower/mortgagor before service of the notice u/s 13(2), fresh notice shall be served on all the legal heirs of the borrower/guarantor.

   (ii) In case of the borrower/ mortgagor dies immediately after the service of notice; to be on the safer sides, it is advisable to serve fresh notice on all the legal heirs.

   (iii) In case the borrower/ mortgagor dies after the expiry of the notice period of 60 days, further proceedings for taking possession can be continued by issuing the possession notice to the legal heirs of the deceased borrower/mortgagor.

   (iv) In case the borrower/ mortgagor dies after taking possession of the secured asset u/s 13(4), the sale can continue after issuing

the sale notice to all the legal heirs of the borrower/ mortgagor.

6. Can the borrower or mortgagor transfer the secured asset after receipt of a notice u/s 13(2) ?

No, section 13(13) prohibits the borrower from transferring the secured asset after receipt o the notice u/s 13(2).

7. What power is an order u/s 14 passed by the Chief Judicial Magistrate or the District Collector? Is such an order mandatory?

The CJM or the District Collector may, on an application in writing being made by the secured creditor, pass an order for taking possession through its office by taking such steps, including force as may, in his opinion be necessary. However, such an order is not mandatory except where an obstruction may be apprehended.

8. Can the secured creditor take action under SARFAESI against a company in liquidation?

Yes, the secured creditor can take action against a company in liquidation in respect of its dues secured by the assets of the company. However, the amount realised from the sale of the secured asset shall be distributed as per the provisions of section 529 A of the Companies Act.

9. What are the legal formalities to be complied with while taking possession of immovable property u/s 13(4) of the Act?

The procedure to be followed are :

(i) Deliver the possession notice u/s 13(4) to the borrower/mortgagor in the prescribed format ;

(ii) Affix the possession notice on the outer door or at such conspicuous place of the property;

(iii) Publish the possession notice within 7 days in two leading newspapers, one in vernacular language having sufficient circulation in the locality.

(iv) In addition to above, the possession notice may also be served through electronic mode of service;

(v) in case of physical possession, the Authorised officer is required to take necessary steps to preserve the secured asset and insure them, if necessary, till they are sold or otherwise disposed of.

(vi) Care should be take to preserve the proof of

The notice of 30 days to the borrower and publication of sale notice can be made simultaneously.

service/affixture of notice by taking photographs/ video etc.

10. What is the remedy available to the borrower upon possession being taken? Within what time frame?

The borrower or any aggrieved person can make an application u/s 17 of the Act to the Debt Recovery Tribunal to challenge the action within 45 days from the action being taken u/s 13(4).

11. What are the procedures to be followed while putting the secured asset for sale?

The mandatory procedures are as under :

(i) Obtain a valuation report from the approved value ;

(ii) Fix the Reserve Price :

(iii) Serve 30 days' notice to the borrower/mortgagor before putting the property for sale;

(iv) If the property is being sold through public auction or inviting tenders, the sale notice in the prescribed format shall be published in two leading newspapers including one in vernacular language having sufficient circulation in the locality, before 30 days of the date of sale ; and

(v) Affix the notice of sale on conspicuous part of the secured asset.

(vi) The notice of 30 days to the borrower and publication of sale notice can be made simultaneously.

12. Is it mandatory to serve 30 days sale notice and publish the sale notice before 30 days of the sale, in every subsequent sale?

As per the proviso to Rule 9(1) of the Security Interest (Enforcement) Rules, if the first sale fails, and the sale is required to be conducted again, it is sufficient to serve, affix and publish the notice of sale of not less than 15 days to the borrower/mortgagor for any subsequent sale.

13. Can the authorised officer sell the secured asset for any price less than the Reserve Price?

If the amount offered is below the reserve price, the sale cannot be confirmed. However, if the authorised officer fails to obtain a price higher than the reserve price, he may with the consent of the secured creditor and the borrower effect the sale at such price.

14. Can the borrower/mortgagor redeem the secured asset after publication of the notice of sale?

No after the date of publication of the sale notice, the borrower/ mortgagor cannot redeem the secured asset.

15. Can the secured creditor forfeit the amount remitted by the purchaser in auction sale, in case he fails to pay the balance sale consideration?

Yes. As per Rule 9(5) of the Security Interest (Enforcement) Rules, if the purchaser fails to remit the balance sale consideration on or before the 15th day of the sale confirmation or such extended period as may be agreed in writing between the purchaser and the secured creditor, not exceeding three months, the amount already paid by the purchaser can be fortified.

16. Is the sale certificate required to be compulsory registered?

No The sale certificate is to be forwarded to the S.R.O concerned for making an entry in the relevant records as envisaged u/s 89 of the Registration Act. However, in case the purchaser so desires, the registration of sale certificate may be done at his cost and expenses. In that case, care to be take to append the sale certificate already issued by the Bank as an annexure to the registered document.



കേരള ബാങ്ക്
E.M.S സഹകരണ ലൈബ്രറി

ബഷീർ അനുസ്മരണം

ബഷീർ അനുഗ്രഹീതനായ എഴുത്തുകാരൻ; പ്രൊഫ. എം.കെ സാനു

കാക്കനാട്:മനുഷ്യ സ്വഭാവത്തിൽ നന്മയുടെ അംശങ്ങൾ ചേർത്തുകൊണ്ട് അതിൽ നർമ്മം കലർത്തി പോകുന്നതായിരുന്ന സാഹിത്യത്തിലെ ബഷീറിയൻ ശൈലിയെന്ന് പ്രൊഫ. എം.കെ സാനു. ജീവിതത്തിൽ ആദർശബോധം ഉയർത്തിപിടിച്ച വ്യക്തിയായിരുന്ന വൈക്കം മുഹമ്മദ് ബഷീർ ജന്മസിദ്ധമായ പ്രതിഭാവിലാസം കൊണ്ട് അനുഗ്രഹീതനായിരുന്നുവെന്നും അദ്ദേഹം അനുസ്മരിച്ചു. കാക്കനാട് കേരള ബാങ്ക് ഇ.എം.എസ് സഹകരണ ലൈബ്രറിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ബഷീർ അനുസ്മരണവും പുസ്തക ചർച്ചയും ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ചടങ്ങിൽ കേരള ബാങ്ക് ബോർഡ് ഓഫ് മാനേജ്മെന്റ് അംഗം അഡ്വ. മാണി വിതയത്തിൽ അദ്ധ്യക്ഷത വഹിച്ചു. പ്രൊഫ. എം. കെ. സാനുവിന്റെ 'ബഷീർ : ഏകാന്ത വീഥിയിലെ അവധൂതൻ' എന്ന ജീവ ചരിത്ര ഗ്രന്ഥത്തെ ആസ്പദമാക്കിയുള്ള പുസ്തക ചർച്ചയും

ലൈബ്രറിയുടെ സ്ഥിരം ചർച്ചാ വേദിയായ വായനക്കൂട്ടത്തിന്റെ ലോഗോ പ്രകാശനവും കുട്ടികളുടെ ചിത്ര രചന, ചെസ്സ് മത്സരങ്ങളിലെ വിജയികൾക്കുള്ള സമ്മാന വിതരണവും ഇതോടൊപ്പം നടന്നു. കേരള ബാങ്ക് കോർപ്പറേറ്റ് ബിസിനസ് ഓഫീസ് ജനറൽ മാനേജർ ശ്രീ. ജോളി ജോൺ സ്വാഗതം ആശംസിച്ചു. റീജിയണൽ ജനറൽ മാനേജർ ഡോ. എൻ.അനിൽകുമാർ കൃതജ്ഞത രേഖപ്പെടുത്തി.

രാമങ്കരി SCB Ltd. No 4041 ന്റെ ഓഡിറ്റോറിയത്തിൽ നടന്ന കുട്ടനാട് താലൂക്കിലെ പ്രാഥമിക സഹകരണ സംഘങ്ങളുടെ മീറ്റിംഗ് ബാങ്ക് പ്രസിഡൻറ് ശ്രീ. ഗോപി കോട്ടമുറിക്കൽ ഉദ്ഘാടനം ചെയ്യ്തു. കേരള ബാങ്ക് ഡയറക്ടർ ബോർഡ് അംഗം ശ്രീ P ഗാനകുമാർ, ജനറൽ മാനേജർ ശ്രീ ഷാജു ജോർജ്ജ്,നബാർഡ് DDM ശ്രീ പ്രേം കുമാർ, അസി. രജിസ്റ്റാർ (ജനറൽ), കുട്ടനാട്, ശ്രീ ചന്ദ്രശേഖരൻ നായർ (റിട്ട. DGM, CPC Alappuzha), ശ്രീ രാമ ഭദ്രൻ സർക്കിൾ സഹകര ണയൂണിയൻ ചെയർമാൻ കുട്ടനാട് താലൂക്കിലെ പ്രാഥമിക സഹകരണ സംഘം പ്രസിഡന്റ് സെക്രട്ടറിമാർ എന്നിവർ പങ്കെടുത്തു.

ഇന്ത്യൻ ക്രിക്കറ്റ് ടീമിൽ അംഗമായി സെലക്ഷൻ ലഭിച്ച ശ്രീമതി ആശ ശോഭനയെ കേരള ബാങ്കിന്റെ തിരുവനന്തപുരം റീജിയണൽ ജനറൽ മാനേജർ, ശ്രീ.എ. അനിൽകുമാർ അനുമോദിക്കുന്നു. തിരുവനന്തപുരം ഫോർട്ട് മെയിൻ ശാഖയിൽ അക്കൗണ്ട് തുടങ്ങിയതിനെ തുടർന്ന് പാസ്ബുക്കും കൈമാറി.

PACSas MSC പദ്ധതി നടപ്പാക്കുന്ന കണ്ണൂർജില്ലയിലെ സംഘങ്ങൾക്കായി പരിശീലന പരിപാടി സംഘടിപ്പിച്ചു. നബാർഡ് ധനസഹായത്തോടെ നടത്തിയ ദ്വിദിന പരിപാടിയിൽ സംഘങ്ങളുടെ 25 പ്രതിനിധികൾ പങ്കെടുത്തു. കേരള ബാങ്ക് ഡയറക്ടർ ശ്രീമതി കെ.ജി വത്സലകുമാരി ഉദ്ഘാടനം നിർവഹിച്ച പരിശീലന പരിപാടിയിൽ കേരള ബാങ്ക് ഡയറക്ടർ ശ്രീ. ഇ. രമേശ് ബാബു, റിസോഴ്സ് പേഴ്സൺ ശ്രീ എസ് കുമാർ, ഡി. ജി. എം ശ്രീമതി കെ.എം റീന എന്നിവർ പങ്കെടുത്തു.

സഹകരണ വകുപ്പ് സെക്രട്ടറി ശ്രീമതി. വീണ എൻ മാധവൻ ഐഎഎസിനെ
ബോർഡ് യോഗത്തിലേക്ക് ബാങ്ക് പ്രസിഡണ്ട് ശ്രീ ഗോപി കോട്ടമുറിക്കൽ സ്വാഗതം ചെയ്യുന്നു

നബാർഡ് ഫൗണ്ടേഷൻ ഡേയോടനുബന്ധിച്ച് നബാർഡ് ചീഫ് ജനറൽ മാനേജർ, ശ്രീ ബൈജു എൻ കുറുപ്പിനെ കേരള ബാങ്ക് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശ്രീ ജോർട്ടി എം ചാക്കോ സന്ദർശിക്കുന്നു.

വായ്പ വിതരണ മേള സംഘടിപ്പിച്ചു

കേരള ബാങ്ക് എറണാകുളം മട്ടാഞ്ചേരി ശാഖയുടെ ആഭിമുഖ്യത്തിൽ ഓണാഘോഷവും അംഗത്വ സ്വീകരണവും വായ്പ വിതരണമേളയും സംഘടിപ്പിച്ചു. വൈപ്പിൻ എംഎൽഎ ശ്രീ. കെ എൻ ഉണ്ണികൃഷ്ണൻ അധ്യക്ഷത വഹിച്ച ആഘോഷ പരിപാടികൾ കൊച്ചി എംഎൽഎ ശ്രീ. കെ ജെ മാക്സി ഉദ്ഘാടനം ചെയ്തു. കേരള ബാങ്ക് ചെയർമാൻ ശ്രീ. ഗോപി കോട്ടമുറിയ്ക്കൽ അംഗത്വ സ്വീകരണവും വിവിധ വായ്പകളുടെ വിതരണവും നടത്തി. ചടങ്ങിൽ ഫോർട്ട്കൊച്ചി സെന്റ്.മേരിസ് ആംഗ്ലോ ഇന്ത്യൻ ഗേൾസ് ഹൈസ്കൂളിലെ അക്കാഡമിക് നിലവാര മികവ് പരിഗണിച്ച് കേരള ബാങ്കിന്റെ ആദരവ് ബാങ്ക് ജനറൽ മാനേജർ ഡോ. എൻ. അനിൽകുമാർ സമ്മാനിച്ചു. സെന്റ്. മേരിസ് ഗേൾസ് ഹൈസ്കൂൾ പ്രധാന അധ്യാപിക സിസ്റ്റർ ലീമ ആദരവ് ഏറ്റുവാങ്ങി. കൊച്ചി നഗരസഭ കൗൺസിലർ ശ്രീമതി ഷീബ ഡുറോം, കേരള ബാങ്ക് ഏരിയ മാനേജർ ശ്രീമതി രാജലക്ഷ്മി, തൊഴിലാളി പ്രതിനിധി ശ്രീ.ടി പി ബിനോയ് എന്നിവർ സംസാരിച്ചു. ചടങ്ങുകൾക്ക് കേരള ബാങ്ക് മട്ടാഞ്ചേരി ശാഖാ മാനേജർ ശ്രീ. ശ്യാം രാജ് നേതൃത്വം നൽകി.

KERALA BANK
Kerala State Co-operative Bank
കേരള ബാങ്ക്
വ്യാപാർമിത്ര
MSME TERM LOAN
SCHEDULED BANK
www.keralabank.co.in

മത്സ്യ കർഷകർക്ക് വായ്പകൾ
കരിമീൻ, കാളാഞ്ചി, കൂട് മത്സ്യകൃഷി
വനാമി, ചെമ്മീൻ കൃഷികൾക്ക്
പ്രവർത്തന മൂലധന വായ്പയും
ദീർഘകാല വായ്പയും
മത്സ്യവില്പന വാഹനത്തിനും വായ്പ
സർക്കാർ സബ്സിഡിയോടെ കുറഞ്ഞ പലിശ നിരക്കിൽ
KERALA BANK
Kerala State Co-operative Bank

KERALA BANK
സാധാരണക്കാരന് തൊഴിലും വരുമാനവും ഉറപ്പാക്കുന്ന വായ്പ പദ്ധതി
7% പലിശ* നിരക്കിൽ
കുടുംബശ്രീ /JLG/SHG
അംഗങ്ങൾക്ക് കേരള ബാങ്ക്
മൈക്രോ ഫിനാൻസ് വായ്പ
പരമാവധി 20 ലക്ഷം
KERALA BANK
കേരള സംസ്ഥാന സഹകരണ ബാങ്ക്
തിരുവനന്തപുരം
Phone: 0471-2547200, 2547350, 2547282
www.keralabank.co.in
നിബന്ധനകൾ ബാധകം
A SCHEDULED BANK



Printed & Published by Customer Aquisition and Marketing Division, Kerala State Co-operative Bank Head Office, Cobank towers, Palayam, Vikas Bhavan.P.O, Thiruvananthapuram-695033; under assistance from Cooperative Development Fund of NABARD.
For Private Circulation Only. Ref.KB/Mktg/PR/2021.
Layout, Design & Printed at Orange Printers Pvt. Ltd., Thiruvananthapuram-695001. Ph: 0471 4010 905